(൩) ഈ വകുപ്പുപ്രകാരം ഉള്ള എല്ലാ ചട്ടങ്ങളും നമ്മുടെ ഗവർന്മെന്റു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെ പ്രസിദ്ധപ്പെടുത്തിയതിൽപിന്നെ ആ ചട്ടങ്ങൾക്കു ഈ റെഗുലേഷനാൽ നിയമിച്ചിരുന്നാൽ ഏതു പ്രകാരമൊ അപ്രകാരം ഉള്ള ഫലം ഉണ്ടാകുന്നതും ആകുന്നു.


(൪) ഈ വകുപ്പുപ്രകാരം വല്ല ചട്ടവും ഉണ്ടാക്കുന്നതിൽ ആ ചട്ടത്തിന്റെ ലംഘനത്തിനു ഒരു മാസത്തോളം വരാകുന്ന ഒരു കാലത്തെ തടവിനാലൊ അമ്പതു രൂപായോളം വരാകുന്ന പിഴയാലൊ രണ്ടിനാലും കൂടിയൊ ശിക്ഷിക്കത്തക്കതായിരിക്കും എന്നു ദിവാൻ ആജ്ഞാപിക്കാം.

ഒരാളെത്തന്നെ ഇൻസ്പെക്ടരും മൃഗവൈദ്യനും ആയി നിയമിക്കൽ

൧൪. വല്ല മൃഗവൈദ്യനെയും ഈ റെഗുലേഷന്റെയൊ ഈ റെഗുലേഷൻ പ്രകാരമുള്ള വല്ല ചട്ടത്തിന്റെയൊ ആവശ്യങ്ങൾ എല്ലാറ്റിനുമൊ വല്ലതിനുമൊ ആയി ദിവാൻ ഇൻസ്പെക്ടരും മൃഗവൈദ്യനുമായി നിയമിക്കയും ചെയ്യാം.

റെഗുലേഷൻ അനുസരിച്ചു പ്രവൃത്തിക്കുന്ന ആളുകൾക്കു രക്ഷ

൧൫. ഈ റെഗുലേഷൻ പ്രകാരം ഉത്തമവിശ്വാസമായി ചെയ്തതൊ ചെയ്വാൻ വിചാരിച്ചതൊ ആയ വല്ലതിനും യാതൊരുത്തന്റെയും മേൽ യാതൊരു വ്യവഹാരമൊ അന്യായമൊ മറ്റു ന്യായവിചാരണയൊ നടത്തിക്കൂടുന്നതും അല്ല.



Part II. — രണ്ടാം ഭാഗം

Notice of auction sale of contract for the supply of vegotables &c., for Oottupuras.

കൊട്ടയം ഡിവിഷൻകച്ചേരിയിൽ നിന്നു,

പരസ്യം ചെയ്യുന്നതെന്തെന്നാൽ

൧൦൮൧-ാമാണ്ടു മുറജപം അടിയന്തരം പ്രമാണിച്ചു വടക്കുനിന്നും തിരുവനന്തപുരത്തേക്കു പോക്കുവരത്തുള്ള വാദ്ധ്യാന്മാർ വൈദികന്മാർ ഉൾപ്പെട്ടവക്കു തണ്ണീർമുക്കത്തു സ്ഥലത്തുവച്ചു ഭക്ഷണം വകക്കു വട്ടംകൂട്ടി കൊടുക്കുന്നതിനു ആവശ്യമുള്ളതും പണ്ടാരത്തിൽനിന്നും ഏല്പിച്ചുവരുന്നതും ആയ സാമാനങ്ങൾ കുത്തകയായി ഏല്പിക്കുന്നതിനു ആളെ ഏല്പിച്ചുകൊടുക്കേണ്ടതിലേക്കു കന്നിമാസം ൨൫-ാം ചേർത്തല താലൂക്കിലും ൨൭-ാം ഈ കച്ചേരിയിലും വച്ചു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു മനസ്സുള്ളവർ ഹാജരായി വിളികേൾക്കാവുന്നതാകുന്നു

൧. ലേലത്തിൽ ചേരുവാൻ മനസ്സുള്ളവർ ൫ രൂപാ ഡെമണി വെക്കേണ്ടതും ഡെമണി വെക്കാത്തവരെ ലേലത്തിൽ ചേരുവാൻ സമ്മതിക്കുന്നതല്ലാത്തതും ആകുന്നു

൨. മേൽപ്രകാരം ഡെമണി വെക്കുന്നതിൽ ലേലം സ്ഥിരപ്പെട്ട ആളിന്റെ ഒഴിച്ചു ശേഷം പേരുടെ ഡെമണി ലേലം കഴിഞ്ഞ ഉടനെ തിരികെ കൊടുക്കുന്നതും സ്ഥിരപ്പെട്ട ആളിനെക്കൊണ്ടു ഉറപ്പിനു വേണ്ടി അടുത്ത ദിവസംതന്നെ ലേലം സ്ഥിരപ്പെടുത്തിയ സംഖ്യയിൽ എട്ടിൽ ഒരു ഭാഗം ഡെമണി കെട്ടിവെപ്പിച്ചു ഉടമ്പടി വെപ്പിക്കുന്നതും ആദ്യം വച്ചിട്ടുള്ള ൫ രൂപാ അതിൽ ചേർത്തു കണക്കാക്കുന്നതും ലേലം ഹജൂരനുവാദപ്രകാരം സ്ഥിരപ്പെടുത്തുന്നതും ആകുന്നു.

൩. ലേലം സ്ഥിരപ്പെട്ടതിൽ പിന്നെ എട്ടിലൊരു ഭാഗം ഡെമണിവച്ചു ഉടമ്പടി വയ്ക്കാതെയിരുന്നാൽ ആദ്യം വച്ചിട്ടുള്ള ൫ രൂപാ ഡെമണി പിഴയായി സർക്കാരിലേക്കു മുതൽകൂട്ടുന്നതുകൂടാതെ ആവർത്തിച്ചു ലേലംവിളിപ്പിക്കുന്നതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം വരുന്നതായാൽ അവകാശം പറയുന്നതു കൂടാത്തതും ആകുന്നു.

൪. കൊപ്പുകൾ ഇനം തിരിച്ചു പ്രത്യേകം പ്രത്യേകമായൊ ഒന്നായൊ ലേലംവിളിപ്പിക്കുന്നതാകുന്നു

൫. സാമാനങ്ങൾ അടിയന്തരത്തിനു മുമ്പായി ൧൦൮൧-ാമാണ്ടു തുലാമാസം ൧൫-ാം മുതൽ മകരം ൧൫-ാം വരെ ആവശ്യംപോലെ തണ്ണീർമുക്കത്തു മുറജപക്കലവറയിൽ എത്തിച്ചു സൂക്ഷിച്ചു തരുന്നതും ഏല്പിച്ച കണക്കിനു പതിച്ചു വാങ്ങേണ്ടതും അടിയന്തരം കഴിഞ്ഞു കണക്കു തീർത്തു താലൂക്ക മുതൽപിടിയിൽ നിന്നും പണം കൊടുക്കുന്നതുമാകുന്നു.

൬. സാമാനങ്ങൾ ശരിയായും സമയത്തും ഏല്പിക്കാതെയിരുന്നാൽ വീഴ്ചവരുത്തുന്നതായാൽ എട്ടിൽ ഒരു ഭാഗം വെക്കുന്ന ഡെമണി സർക്കാരിലേക്കു മുതൽകൂട്ടുന്നതുകൂടാതെ വീഴ്ച നിമിത്തം സംഭവിക്കുന്ന നഷ്ടത്തിനു കുത്തകക്കാരന്റെ മേൽ ക്രമമായ നടപടി നടത്തി ഈടാക്കുന്നതും ആകുന്നു. സാമാനവിവരം ലീസ്റ്റു ഇക്കച്ചേരിയിലൊ താലൂക്ക കച്ചേരിയിലൊ ഹാജരായി അപേക്ഷിച്ചാൽ കാണിച്ചുകൊടുക്കുന്നതാകുന്നു ൧൦൮൧ കന്നി ൮-ാം

ദിവാൻപേഷ്കാർ പത്മനാഭൻ ശങ്കരൻ,
പകരം അസിസ്റ്റന്റു
എസ്. ശങ്കരപ്പിള്ള.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

മുറജപം അടിയന്തിരം പ്രമാണിച്ചു പൊക്കവരത്തുള്ള വാദ്ധ്യാന്മാർ വൈദികന്മാർ നമ്പൂരിമാർ ഉൾപ്പെട്ടവൎക്കു ആഴ്ചാട പ്രവൃത്തിയിൽ ചെന്നു മാടത്തുംകര സ്ഥലത്തു വച്ചു വട്ടം കൂട്ടി ഭക്ഷണം കഴിപ്പിക്കുന്ന വകക്കു വെണ്ട സാമാനങ്ങൾ കുത്തക കൊടുക്കുന്നതിനു ൩൦ം വരുന്ന കന്നിമാസം ൨൫൹ ചെർത്തല താലൂക്കിലും ൨൭൹ ൩൦ം കച്ചേരിയിലും വച്ചു ലേലം വിളിപ്പാൻ നിശ്ചയിച്ചിരിക്കുന്നു അതിൽ ചെരുവാൻ മനസ്സുള്ള ആളുകൾ ഹാജരായി ബൊധിപ്പിക്കണം ലേലത്തിൽ ചെക്കുന്നതിനു ഓരോരുത്തരും ൫ രൂപാ ഡെമണി വൈക്കെണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചെക്കുന്നതല്ലാത്തതുമാകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ സ്ഥിരപ്പെടുത്തുന്നവരുടെ തുക പൊലെ ശെഷം പെരുടെ രൂപാ തിരിച്ചു കൊടുക്കുന്നതായിരിക്കും. സ്ഥിരപ്പെടുത്തുന്ന ആൾ കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിനു വെണ്ടി മുൻ ഹാജരാക്കുന്ന ജാമ്യപ്പെടെ കുത്തക വിലയിൽ നാലിൽ ഒരു ഭാഗം ഡെമണി ൨ ദിവസത്തിനകം കെട്ടിവച്ചു ഉടമ്പടി വെക്കണം അങ്ങനെ വെക്കാതെയിരുന്നാൽ ആ ഡെമണി സൎക്കാരിലെക്കു മുതൽ കൂട്ടുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചൊ മറ്റു വിധം വ്യവസ്ഥ ചെയ്യുന്നതിൽ വച്ചൊ ഉണ്ടാകുന്ന നഷ്ടത്തിനു ആദ്യകുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു. ലാഭം ഉണ്ടായാൽ അവകാശം പറഞ്ഞു കൂടുന്നതുമല്ല. ഏല്പിക്കെണ്ട സാമാനങ്ങളുടെ വിവരവും തരവും പണവും അറിയണമെന്നുണ്ടായിരുന്നാൽ ൩൦ം കച്ചേരിയിൽ ചൊദിച്ചാൽ പറയുന്നതാണ് സാമാനം കൂടുതലൊ കുറവൊ ആയി തുലാം ൧൫൹ മുതൽ ആവശ്യപ്പെടുന്നതുപൊലെ മാടത്തുംകര കലവറയിൽ അപ്പഴപ്പൊൾ ആവശ്യപ്പെടുന്നതുപൊലെ അളന്നും എണ്ണിയും തൂക്കിയും ഏല്പിക്കണം സാമാനം എല്ലാം ഏല്പിച്ചു തീൎന്നു അതിലെക്കുള്ള സകല കണക്കും തീൎത്തു പണം കൊടുക്കുന്നതാണ്. പിന്നീടു ഡെമണിയും തിരിച്ചു കൊടുക്കുന്നതാണ്. ഏതെങ്കിലും സാമാനങ്ങൾ അവധിക്കു ശരിയായി ഏല്പിക്കാതെയിരിക്കയൊ നടപടി തെററിനാലൊ ഏതെങ്കിലും തകരാറുകൾ നെരിടുകയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യകുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതാണ്. ആ നഷ്ടത്തിനും ഡെമണിക്കും പുറമെ വസ്തുവിലും പ്രവെശിച്ചു ൩൦ംടാക്കുന്നതാണ് സാമാനങ്ങൾ എല്ലാം ഒന്നിച്ചൊ ഇനത്തുംപടി വെറെ വെറെയൊ ഒരാൾക്കൊ പലൎക്കും കൂടിയൊ കൊടുക്കുന്നതായിരിക്കും ഡെമണിയും ലേലവും സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപൊലെ ആയിരിക്കുന്നതാകുന്നു ൧൦൯൯ കന്നിമാസം ൨൫൹?

ദിവാൻ പെഷ്കാർ പത്മനാഭൻ ശങ്കരൻ.
പകരം അസിസ്റ്റന്റു എസ് ശങ്കരപ്പിള്ള

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തുറവൂർ ക്ഷെത്രത്തിൽ ൧൦൯൯ാമാണ്ടു തുലാമാസം ൨൫൹ കൊടിയെറി തിരുഉത്സവം തുടങ്ങി നടക്കെണ്ടുന്ന വകക്കു കൊപ്പുകൾ കുത്തക കൊടുക്കുന്നതിനു ൧൦൯൯ാമാണ്ടു കന്നിമാസം ൨൭൹ താലൂക്കിലും ൨൮൹ ൩൦ം കച്ചേരിയിലും വച്ചു ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ ലേലത്തിൽ ചെരുന്നതിനു മനസ്സുള്ള ആളുകൾ ഹാജരായി വിളികെൾക്കാമെന്നുള്ളതാകുന്നു. ലേലം സ്ഥിരപ്പെടുന്ന ആളുകൾ കുത്തക ശരിയായി നടക്കുമെന്നുള്ള ഉറപ്പിനു വെണ്ടി കുത്തകവിലയിൽ നാലിൽ ഒരു ഭാഗം സംഖ്യ ഡെമണി കെട്ടിവച്ചു ഏൎപ്പാടനുസരിച്ചു ഉടമ്പടി വയ്ക്കെണ്ടതും അങ്ങിനെ ചെയ്യാതെയിരുന്നാൽ രണ്ടാമതു ലേലം വിളിച്ചൊ മറെറാ വെറെ വിധം വ്യവസ്ഥ ചെയ്യുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭം ഉണ്ടായിരുന്നാൽ അവകാശം പറഞ്ഞു കൂടാത്തതുമാകുന്നു സാമാനങ്ങൾക്കു ആവശ്യപ്പെടുന്നതു പൊലെ അടിയന്തിരത്തിനു മുൻകൂട്ടി ദെവസ്വം കലവറയിൽ കൊണ്ടു ചെന്നു നടപ്പനുസരിച്ചു തൂക്കിയും അളന്നും എണ്ണിയും ഏല്പിക്കണം കൊപ്പുകൾ അവണക്കു ആവശ്യപ്പെടുന്നതുപൊലെ കൂടുതൽ കുറവായിട്ടും ഏല്പിക്കെണ്ടതാണ് തവണ നീക്കമൊ ഭെദമൊ മെനിക്കുറവൊ വീഴ്ച വരുത്തുകയൊ ഏതെങ്കിലും സാമാനങ്ങൾ അവധിക്കും മെൽപ്പറഞ്ഞ വിധം ശരിയായും ഏല്പിക്കാതെയിരിക്കയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും കുത്തകക്കാരൻ ഉത്തരവാദിയാകുന്നു അടിയന്തിരം കഴിഞ്ഞു കണക്കു തീൎത്തു പണം കൊടുക്കുന്നതാകുന്നു ലേലത്തിൽ ചെരുന്നതിനു ഓരോരുത്തരും അഞ്ചു രൂപാ വീതം മുൻപെറായി കെട്ടിവയ്ക്കെണ്ടതും അങ്ങനെ കെട്ടിവയ്ക്കുന്ന സംഖ്യ കൂടി ലേലം സ്ഥിരപ്പെടുന്നവൎന്റെ ഡെമണിയിൽ ഉൾപ്പെടുത്തി കൊടുക്കുന്നതും ശെഷം പെരു വയ്ക്കുന്ന പണം ലേലം കഴിഞ്ഞ ഉടൻ തിരിച്ചു കൊടുക്കുന്നതുമാകുന്നു. സാമാനങ്ങൾ ഏല്പിക്കെണ്ട ഗഡുവുകൾ താലൂക്കിലൊ തുറവൂർ ദെവസ്വത്തിലൊ ഹാജരായി ചൊദിച്ചാൽ അറിയാവുന്നതാണ് ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിന്റെ യുക്തംപൊലെ ആയിരിക്കും.

൧൦൯൯ കന്നി ൨൨൹?

ദിവാൻപെഷ്കാർ പത്മനാഭൻ ശങ്കരൻ,
പകരം അസിസ്റ്റന്റു, എസ്. ശങ്കരപ്പിള്ള.

Notic by the Commercial Agent, Alleppey.

ആലപ്പുഴ കച്ചവടംവക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ ഖജനാവിൽ ൧൦൭൯ാമാണ്ടു വരെ ഇരിപ്പുള്ള റവന്യൂ ഡിപ്പാസിററവക പണത്തിൽ ഓരൊരുത്തൎക്കു ചെല്ലുവാനുള്ളതിന വെണ്ട നടപടികൾ നടത്തി കൊടുത്തുതീൎത്തും മാറം കണക്കു സ്വാധരപ്പെടുത്തണമെന്നു സെൻട്രൽ അക്കൌണ്ടും ആഡിററും ആപ്പീസിൽ നിന്നും $\frac{\text{A. 2111}}{\text{R. A. D. 252}}$ ാം നമ്പരിൽ ൧൯൦൫ ആഗസ്റ്റ ൧൬ന എഴുതിയ ലട്ടർ വന്നിരിക്കുന്നതാകകൊണ്ടു താഴെ വിവരിക്കുന്ന അനാമത്തു പണങ്ങൾ കിട്ടുന്നതിന അവകാശമുള്ളവർ ഈ പരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ഒരു മാസത്തിനകം ഈ കച്ചേരിയിൽ ഹാജരായി മുറപൊലെ അപെക്ഷിച്ചു വാങ്ങിക്കൊള്ളെണ്ടതാകുന്നു അല്ലാത്തപക്ഷം അവധി കഴിഞ്ഞ ഉടനെ ആ വക പണങ്ങൾ സൎക്കാരിലെക്കു മുതൽക്കൂട്ടുന്നതാണ.

൧൦൮൧ കന്നി ൩ാം

കമ്മൎഷ്യൽ അസിസ്റ്റൻറ ഇൻചാൎജ
പി. എം. വൎക്കി.

അനാമത്തു ഇരിപ്പിന്റെ വിവരം

ഒടുക്കിയ			അനാമത്തിന്റെ സ്വഭാവം	തുക		
ആണ്ടു	മാസം	൹		രൂപാ	ച.	കാ.
൧൦൭൪	കൎക്കടകം	൨൮	റിപ്പൊൎട്ടുമുപ്പനായിരുന്ന യൊഗി വാവായ്ക്കു ചിലവെഴുതിയതിൽ വിവരം ഈടാക്കിയതു കഴിച്ചു മിച്ചം ...	...	൨	...
൧൦൭൬	മീനം	൩൦	ഏലക്കാ വിലവകയ്ക്കു അസിസ്റ്റൻറ സൎജൻ എസ്. വെങ്കിട്ടരാമനായിട്ടു ഒടുക്കിയതിൽ മുതൽ വച്ചതു നീക്കി ബാക്കി	...	൩	൧
ടി	മിഥുനം	൨൩	മരാമത്തുവെല വളപ്പിൽ കൃഷ്ണന്റെ കൂലിവകയിൽ	...	൭	...
ടി	ടി	ടി	ടി വെല മമ്മതിന്റെ കൂലി വകയിൽ ...	...	൮	...
ടി	ടി	ടി	ടി വെലയ്ക്കു ഉപയൊഗിച്ച വള്ളത്തിന അവിരാക്കു കൂലി ചെല്ലെണ്ടും വകയിൽ	...	൮	...
ടി	കൎക്കടകം	൧൨	ടി വെല പുന്നമൂട്ടിൽ രാമന്റെ കൂലിവകയിൽ ...	...	൧൮	...
൧൦൭൯	മീനം	൧൫	മത്സ്യചന്തക്കു വടക്കുവശം തൊമായുടെ പുരയിടത്തിൽ കിടന്നു മരിച്ച അനാഥപ്രെതത്തിന്റെ വകകൾ വിററവകയിൽ	...	൧൭	...
ടി	മിഥുനം	൨൪	മരാമത്തുവെല മമ്മതിന്റെ കൂലിവകയിൽ ...	...	൧൨	...
൧൦൭൭	കന്നി	൨	ടി വെല പപ്പുപണിക്കരുടെ കൂലിവകയിൽ ...	...	൧൮	...
ടി	ടി	ടി	ടി വെല തൈവെലിക്കകത്തു കാളിയുടെ കൂലിവകയിൽ	...	൮	
൧൦൭൪	മീനം	൨൩	ആലപ്പുഴ കൂട്ടചന്തിരംവക വെററചാൎക്കു ലെലത്തിൽ ചെരുന്നതിന യാക്കൊബ സിലൈമാൻ അൎണ്ണസ്സു വച്ചവകയിൽ	൧൦	൮	
൧൦൭൯	മകരം	൨൪	പെരുമ്പടപ്പിൽ വലിയതമ്പുരാൻ തിരുമനസ്സിലെ എഴുന്നള്ളത്തു പ്രമാണിച്ചു ശെഖരിച്ച തണ്ടുകാൎക്കു പടി ചിലവെഴുതി വച്ച വകയിൽ	൧൮		
ടി	ഇടവം	൨൭	ആലപ്പുഴ തൊട വെട്ടിച്ച വകയിൽ ടി ഐ. സി. മെംബർ അപ്പാവുപിള്ളക്കു ചെല്ലെണ്ട തുക ചിലവെഴുതി വച്ചതിൽ വാങ്ങിയതു നീക്കി മിച്ചം			
			ആകെ			

Notice to Mariners.

India,—Malabar Coast,—Alleppey.

In continuation of this Office notice dated the 21st August, mariners are informed that the positions of the buoys are as given below :—

RED (NORTHERN) BOUY

Bearing to Light House E × N½ N.

Depth of water—4½ fathoms.

BLACK (SOUTHERN) BUOY.

Bearing to Light-House N. E.

Depth of water—4 fathoms.

Ordinarily the proper anchorage will be between the Buoys; but, as the mud-banks shift frequently and rapidly, the depth of water given is not reliable, and so the lead must be used when approaching the anchorage.

Master Attendant's Office, Alleppey, 7th Sept., 1905.

P. M. VARKKI,
Ag. Master Attendant.

Notice of unclaimed properties.

നമ്പർ ൧൭൩൭.

കോട്ടാർ മജിസ്രേട്ടുകൊടതിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ കൊട്ടിൽ ൧൦൮൦ ൽ ഫയൽ ൨൨-ാം നമ്പരിൽ തൊണ്ടിവക സാമാനങ്ങളെ വാങ്ങിക്കുന്നതിനു കക്ഷികൾക്കു പലപ്രാവശ്യം നൊട്ടീസ അയച്ചതിൽ ഹാജരായി വാങ്ങിച്ചിട്ടില്ലാത്തതുനിമിത്തം തൊണ്ടി കിടപ്പിനു ഇടയായി തീൎന്നിരിക്കുന്നതിനാൽ ഈ പരസ്യത്തിലെ തിയതി മുതൽ ൩൦ ദിവസത്തിനകം താഴെ വിവരം പറയുന്ന തൊണ്ടിവക സാമാനങ്ങളെ ഹാജരായി വാങ്ങിക്കൊണ്ടുപൊകാത്തപക്ഷം അവധി കഴിഞ്ഞ ഉടൻ മുറക്കു ലെലത്തിൽ വിററു കിട്ടുന്ന പണം സക്കാരിലെക്കു മുതൽക്കൂട്ടപ്പെടും എന്നു

൧൦൮൧ കന്നി ൻ൬-

൩-ാം ക്ലാസ മജിസ്ത്രേട്ടു ഏ. ഞാനശിഖാമണി,

സാമാനവിവരം.

ആണ്ടും നമ്പരും	തൊണ്ടി വിവരം	ഇന്നാരെ ഏല്പിക്കണമെന്നു
൧൦൮൦ ൽ ഫയൽ ൨൨-	പൊൻ കടലക്കാമണി കൊരുവ ൧	വാദി കളച്ചൽ കുസ്ത്യാനി സ്ത്രീ മയ്യാം ശവരിയായി
"	മടിശീല ൧ ¼ പൊനാക്കത്തി ൧ പൊന്നുകെട്ടിയ പച്ച കവള ൧ കണ്ണാടി ൧	പ്രതി തിരുവനന്തപുരം ഉള്ളൂരിൽ ഈട സ്ത്രീ പൊന്നമ്മാറം മനിയമ്മാറം

ഉത്സവമഠം ൨ ാം ക്ലാസ്സ മജിസ്ത്രേട്ട കോടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥന്റെ നിശ്ചയമില്ലാത്തതും പത്മതീൎത്ഥക്കരയിൽ കിഴക്കെ കരയിൽ കിടന്നിരുന്നതും ആയ കൊട്ടാരം സ്റ്റേഷൻ മഖാന്തിരം കൊട്ടയ്ക്കകം സ്റ്റേഷനിൽ സൂക്ഷിപ്പിച്ചിട്ടുള്ള ഒരു ശിലക്കടകത്തിനു ഉടയക്കാരനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൩൦ ദിവസത്തിനകം ടി കോടതി മുമ്പാകെ ഹാജരായി വേണ്ട തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ വിററു ഉണ്ടാകുന്ന പണം ഗവൎമ്മെണ്ടിലെക്ക മുതൽ കൂട്ടുന്നതായിരിക്കും എന്നു

൧൦൮൧ മാണ്ട കന്നിമാസം ൧൫നു

൨ ാം ക്ലാസ്സ മജിസ്ത്രേട്ട ജെ. പത്മനാഭയ്യൻ.

ഉത്സവമഠം ൨ ാം ക്ലാസ്സ മജിസ്ത്രേട്ട കോടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഉടമസ്ഥന്റെ നിശ്ചയമില്ലാത്തതും കൊട്ടയ്ക്കകത്തു പാത്രക്കുളത്തിന്റെ കല്പടിയിൽ കിടന്നിരുന്നതും ആയ ഒരു വെങ്കല ലോട്ടാവിനെ എടുത്തു കൊട്ടാരം സ്റ്റേഷൻ മുഖാന്തിരം കൊട്ടയ്ക്കകം സ്റ്റേഷനിൽ സൂക്ഷിപ്പിച്ചിട്ടുള്ളതിനു ഉടയക്കാരനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ ൩൦ ദിവസത്തിനകം ടി കോടതി മുമ്പാകെ ഹാജരായി വേണ്ട തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ വിററു ഉണ്ടാകുന്ന പണം ഗവൎമ്മെണ്ടിലെക്ക മുതൽ കൂട്ടുന്നതായിരിക്കും

എന്നു ൧൦൮൧ മാണ്ട കന്നിമാസം ൧൫നു

൨ ാം ക്ലാസ്സ മജിസ്ത്രേട്ട ജെ. പത്മനാഭയ്യൻ

ഉത്സവമഠം ൨ ാം ക്ലാസ്സ മജിസ്ത്രേട്ട കോടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

ഉടമസ്ഥന്റെ നിശ്ചയം ഇല്ലാത്തതും കൊട്ടയ്ക്കകത്തു പത്മതീൎത്ഥത്തിന്റെ കിഴക്കുവശം ആറാട്ടുമുട്ട കടവിൽ കിടന്നതും ആയ ഒരു ഉരുളിമാതിരിയിൽ ചെറിയ പിണ്ണം കണ്ടുകിട്ടി കൊട്ടക്കകം സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ളതിനു ഉടയക്കാരനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതിമുതൽ ൩൦ ദിവസത്തിനകം ടി കോട്ടമുമ്പാകെ ഹാജരായി തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ലേലം ചെയ്തു ഉണ്ടാകുന്ന പണം സൎക്കാരിലെക്ക മുതൽ കൂട്ടപ്പെടും എന്നു ൧൦൮൧ മാണ്ട കന്നിമാസം ൧൫നു.

൨ ാം ക്ലാസ്സ മജിസ്ത്രേട്ട ജെ. പത്മനാഭയ്യൻ.

ഉത്സവമഠം ൨ ാം ക്ലാസ്സമജിസ്ത്രേട്ട കോടതിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

ഉടമസ്ഥന്റെ നിശ്ചയമില്ലാത്തതും പഴവങ്ങാടി ഗ്രാമത്തിൽ റോട്ടിൽ കിടന്നു കണ്ടെടുത്തതും ആയ ഒരു ചെറിയ വെള്ളിച്ചെല്ലം കൊട്ടാരം സ്റ്റേഷൻ മുഖാന്തിരം കൊട്ടക്കകം സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ളതിനു ഉടയക്കാരനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ടി പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതിമുതൽ ൩൦ ദിവസത്തിനകം ടി കോടതിമുമ്പാകെ ഹാജരായി വേണ്ട തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ വിററു ഉണ്ടാകുന്ന പണം ഗവൎമ്മെണ്ടിലെക്ക മുതൽ കൂട്ടുന്നതായിരിക്കും എന്നു ൧൦൮൧ കന്നി ൧൫നു.

൨ ാം ക്ലാസ്സമജിസ്ത്രേട്ട ജെ. പത്മനാഭയ്യൻ.

രജിസ്ട്രേഷൻ റെഗുലേഷനായ ൧൦൭൦ -ാമാണ്ടത്തെ ൫-ാം റെഗുലേഷൻ ൩൩-ാം വകുപ്പനുസരിച്ചു ഉണ്ടാക്കീട്ടുള്ള ൯൩-ാം ചട്ടം പ്രകാരം കൊല്ലം ഡിസ്ത്രിക്ടു രജിസ്ത്രാരാഫീസിൽ നിന്നും പരസ്യം ചെയ്യുന്നതു.

രജിസ്റ്റർ ചെയ്തിട്ടു ൩൦ ദിവസത്തിനകം ചോദിക്കാതെ കിടപ്പുള്ളതും താഴെ കാണിച്ചിരിക്കുന്ന സബ്ബ രജിസ്ത്രാരാഫീസുകളിൽ സൂക്ഷിച്ചുവരുന്നതും ആയ ആധാരങ്ങളെ തിരിയെ വാങ്ങുന്നതിനു അവകാശമുള്ള കക്ഷികൾ അതാതു സബ്ബ രജിസ്ത്രാർ കച്ചേരികളിൽ ഹാജരായി മുറപോലെ ആധാരങ്ങൾ തിരിയെ വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൧൦൯൦-ാമാണ്ടു ആടിമാസം ൩൦-നു- } ഡിസ്ത്രിക്ടു രജിസ്ത്രാർ ഗോവിന്ദപ്പിള്ള.

ആധാരം സൂക്ഷിച്ചിരിക്കുന്ന സബ്‌രജിസ്ത്രാപ്പീസുകളുടെ പേരുകൾ	ആധാരം ഹാജരാക്കിയ ആണ്ടു	മാസം	തീയതി	ആധാരം രജിസ്റ്റർ ചെയ്ത ആണ്ടു	മാസം	തീയതി	പുസ്തകം	നമ്പർ	രജിസ്റ്റർ ചെയ്യപ്പെട്ടതോ നിഷേധിക്കപ്പെട്ടതോ എന്നു	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പേരും വിവരവും	ആധാരം എഴുതിവാങ്ങിയ ആളുകളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളിന്റെ പേരു	ആധാരത്തിന്റെ ചുരുക്കം
കായംകുളം	൧൦൯൦	മേടം	[illegible]	൧൦൯൦	മേടം	[illegible]	൧	[illegible]	രജിസ്റ്റർ ചെയ്തു	തെക്കേക്കര പ്രവൃത്തിയിൽ പെരിങ്ങാലാ മുറിയിൽ ചന്ദിരത്തിൽ കൊച്ചിണി ചെല്ലമ്മ മിന്നമ്മ	ടി മുറിയിൽ ദേവസ്വം പറമ്പിൽ പുത്തൻ മഠത്തിൽ കൃഷ്ണശെണായി മത്സ്യശെണായി	ടി കൃഷ്ണശെണായി മത്സ്യശെണായി	൧൦൯൦-ാമാണ്ടു വക ... ആധാരപ്രകാരം ചെല്ലേണ്ട പണം ൧൦൦൦ പററി എഴുതിയ രസീതു
		ഇടവം	[illegible]		ഇടവം	[illegible]	൧	[illegible]		അരിപ്പാട്ട പ്രവൃത്തിയിൽ ചെറതന വട്ടക്കംമുറിയിൽ പാലക്കാട്ട വീട്ടിൽ നിന്നും കിരിക്കാട്ട കണ്ണല്ലൂർ തെക്കം മുറിയിൽ താമസിക്കുന്ന കുഞ്ഞി കല്യാണി	കൃഷ്ണപുരം പ്രവൃത്തിയിൽ ചിറക്കടവുംമുറിയിൽ വടപ്പുറമ്പിൽ താമസിക്കുന്ന ഗോവിന്ദൻ വെലായുധൻ	എഴുതിക്കൊടുത്തകുഞ്ഞി കല്യാണി	കണ്ണല്ലൂർ തെക്കംമുറിയിൽ പാട്ടം രണ്ടാം കണ്ടാം ... കൊല്ലകൽ പുരയിടം ... മുറി ... വെ ... ക്കണ്ട രൂപാ ... ചെടുത്തി കൊടുത്തിരിക്കുന്ന എന്നു
		ടി	[illegible]		ടി	[illegible]	൧	[illegible]		പള്ളിയൂരു പ്രവൃത്തിയിൽ ഏവൂരു തെക്കം മുറിയിൽ തെക്കേവീട്ടിൽ രാമൻ നാരായണൻ മുതൽപെരു	പത്തിയൂർ പ്രവൃത്തിയിൽ ഏവൂരു തെക്കം മുറിയിൽ ഇലമ്പകത്തു അയ്യപ്പൻ അയ്യപ്പൻ മുതൽപെരു	ഇലമ്പടത്തുവീട്ടിൽ രാമൻ പരമേശ്വരൻ	൧൦൮൯-ാമാണ്ടു വക ... ാം നമ്പർ ആധാരപ്രകാരം ചെല്ലേണ്ട ... രൂപാ പററി എഴുതിക്കൊടുത്ത രസീതു
മാവേലിക്കര		ടി	[illegible]		ടി	[illegible]	൧	[illegible]		താമരക്കുളം പ്രവൃത്തിയിൽ കിഴക്കെ മുറിയിൽ കൊച്ചുവീട്ടിൽ കൃഷ്ണൻ കൃഷ്ണൻ മുതൽപെരു	ടി മുറിയിൽ പിറവെലികിഴക്കേ വീട്ടിൽ കണക്കു രാമൻ നീലകണ്ഠൻ മുതൽപെരു	ടി കൊച്ചുവീട്ടിൽ നീലകണ്ഠൻ രാമൻ	... സംബന്ധിച്ച ... രൂപാ ... എഴുതിക്കൊടുത്ത ... ആധാരം

ആധാരം രജിസ്റ്റർ ചെയ്ത ആപ്പീസ്	ആധാരം ഹാജരാക്കിയ			ആധാരം രജിസ്റ്റർ ചെയ്ത					രജിസ്റ്റർ ചെയ്തതോ നിരസിച്ചതോ എന്ന്	ആധാരം എഴുതിക്കൊടുത്ത ആളുകളുടെ പേരും വിവരവും	ആധാരം എഴുതി വാങ്ങിയ ആളുകളുടെ പേരും വിവരവും	ആധാരം ഹാജരാക്കിയ ആളിന്റെ പേര്	ആധാരത്തിന്റെ പ്രകാരം
	കൊല്ലം	മാസം	തീയതി	കൊല്ലം	മാസം	തീയതി	പുസ്തകം	നമ്പർ					
പുനലൂർ	൧൦൮൧	ഇടവം	[illegible]	൧൦൮൧	ഇടവം	[illegible]	൧	[illegible]	രജിസ്റ്റർ ചെയ്തു	താഴെക്കുളം പ്രവൃത്തിയിൽ കിഴക്കേ മുറിയിൽ കൊച്ചുവീട്ടിൽ കൃഷ്ണൻ കുഞ്ഞൻ മുതൽപേർ	ടി മുറിയിൽ പിറവേലി കൊച്ചുവീട്ടിൽ കണക്ക അയ്യപ്പൻ കൊച്ചുകണ്ണ	ടി കൊച്ചുവീട്ടിൽ [illegible] ലക്ഷ്മണൻ രാമൻ	സ്ഥാവരവസ്തു സംബന്ധിച്ച ഒർ [illegible] പ്രകാരം എഴുതിക്കൊടുത്ത [illegible] ആധാരം
		ടി	[illegible]		ടി	[illegible]	൧	[illegible]		പള്ളിക്കൽ പ്രവൃത്തിയിൽ തെക്കുംഭാഗം മുറിയിൽ [illegible] വീട്ടിൽ [illegible] ഗോവിന്ദൻ	ടി മുറിയിൽ പുത്തൻ വീട്ടിൽ [illegible] കേശവൻ [illegible] മുതൽപേർ	ടി കേശവൻ കണ്ണൻ	സ്ഥാവരവസ്തു സംബന്ധിച്ച [illegible] പ്രകാരം എഴുതിക്കൊടുത്ത ഒഴിവുകുറി ആധാരം
		മിഥുനം	[illegible]		മിഥുനം	[illegible]	൧	[illegible]		പന്തളം തെക്കേക്കര [illegible] മുറിയിൽ നല്ലൂ കിഴക്കേതിൽ മാധവൻ വേലുമ്പൻ	[illegible] തെക്കേക്കര [illegible] മുറിയിൽ പുത്തൻവീട്ടിൽ കിഴക്കേതിൽ [illegible] മുതൽപേർ	ടി മാധവൻ വേലു	സ്ഥാവരവസ്തു [illegible] പ്രകാരം എഴുതിക്കൊടുത്ത [illegible] ആധാരം
ചെങ്ങന്നൂർ		ധനു	[illegible]		മകരം	൨൦	൧	[illegible]		ചെങ്ങന്നൂർ പ്രവൃത്തിയിൽ പുലിയൂർ മുറിയിൽ ഇടപ്പുറത്ത് [illegible] വീട്ടിൽ [illegible] കൃഷ്ണക്കാരണവരുടെ അനന്തിരവൻ [illegible]	ടി ഇടപ്പുറത്ത് [illegible] വീട്ടിൽ [illegible] കൊച്ചുപെണ്ണ് മുതൽപേർ	എഴുതിവാങ്ങിയ [illegible] ടി [illegible] കൊച്ചുപെണ്ണ്	സ്ഥാവരവസ്തു സംബന്ധിച്ച [illegible] പ്രകാരം എഴുതിക്കൊടുത്ത [illegible]
		മേടം	[illegible]		മേടം	[illegible]	൧	[illegible]		വടക്കേക്കര പ്രവൃത്തിയിൽ [illegible] മുറിയിൽ [illegible] വീട്ടിൽ [illegible] നാരായണൻ നാരായണൻ മുതൽപേർ	ടി മുറിയിൽ [illegible] വീട്ടിൽ നാരായണൻ കൃഷ്ണൻ മുതൽപേർ	എഴുതിക്കൊടുത്ത [illegible] നാരായണൻ നാരായണൻ	സ്ഥാവരവസ്തു സംബന്ധിച്ച [illegible] എഴുതിക്കൊടുത്ത [illegible]
		ഇടവം	[illegible]		ഇടവം	[illegible]	൧	[illegible]		[illegible] പ്രവൃത്തിയിൽ [illegible] മുറിയിൽ [illegible] വടക്കേതിൽ [illegible] കൊച്ചുതമ്പി	[illegible] തെക്കേക്കര പ്രവൃത്തിയിൽ [illegible] മുറിയിൽ [illegible] വീട്ടിൽ [illegible]	എഴുതിക്കൊടുത്ത ടി [illegible] കൊച്ചുതമ്പി	സ്ഥാവരവസ്തു സംബന്ധിച്ച [illegible] പ്രകാരം എഴുതിക്കൊടുത്ത [illegible] ആധാരം
		ടി	[illegible]		ടി	[illegible]	൧	[illegible]		ചെങ്ങന്നൂർ പ്രവൃത്തിയിൽ പുലിയൂർ [illegible] വീട്ടിൽ [illegible]	ടി പുലിയൂർ മുറിയിൽ [illegible] വീട്ടിൽ [illegible] നാരായണൻ	[illegible] വീട്ടിൽ നാരായണൻ നാരായണൻ	സ്ഥാവരവസ്തു സംബന്ധിച്ച [illegible] പ്രകാരം [illegible] ആധാരം

Notice regarding the destruction of useless records.

നമ്പർ ൩

ഉപയോഗമില്ലാത്ത റിക്കാർട്ടുകൾ നശിപ്പിക്കുന്ന വകക്കു എഴുതിയ നൊട്ടീസ്.

൧൦൭൭-ാമാണ്ടത്തെ ൩-ാം റെഗുലേഷനിലെയും അതനുസരിച്ച് കല്പനപ്രകാരം ഹൈക്കോടതിയിൽ നിന്നും ഏർപ്പെടുത്തിട്ടുള്ള റൂൾസിലെയും നിബന്ധനകളിൻപ്രകാരം കുന്നത്തൂർ ൨-ാം ക്ലാസ്സ് മജിസ്ട്രേട്ടു കോടതിവക താഴെ പറയുന്ന റിക്കാർട്ടുകളെ നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നു ജനസമുദായത്തിന്റെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. മുതൽ പ്രമാണങ്ങളും മററു അനുബന്ധങ്ങളും ഈ നോട്ടീസിനെ ഗവർൺമെൻറു ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു വർഷവും മററു റിക്കാർട്ടുകളെ ആറു മാസവും കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതാകകൊണ്ടു അസ്സൽ പ്രമാണങ്ങളെ തിരിയെ വാങ്ങിപ്പാൻ അർഹതയുള്ള കക്ഷികളും മററു റിക്കാർട്ടുകളുടെ പകർപ്പു കിട്ടണമെന്നു അപേക്ഷയുള്ളവരും മേൽപറഞ്ഞ അവധിക്കുള്ളിൽ അപേക്ഷിച്ചുകൊള്ളേണ്ടതാകുന്നു.

൧൦൯൭-ാമാണ്ടു

൨-ാം ക്ലാസ്സ് മജിസ്ട്രേട്ടു നാരായണയ്യൻ.

ആണ്ടു	രജിസ്റ്ററിലുള്ള കേസുകളുടെ നമ്പർ വിവരം	നശിപ്പിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള റിക്കാർട്ടുകളുടെ വിവരം	റിമാർക്ക്
൧൦൭൭	൧ മുതൽ [illegible] വരെ നമ്പരു കേസുകളും റിഫർ കേസുകളും	അന്യായ ഹർജികളും ചാർജുകളും പ്രതിമൊഴികളും സാക്ഷിമൊഴികളും അസ്സൽ പ്രമാണങ്ങളും പ്രമാണ പകർപ്പുകളും വക്കാലത്തുകളും ഹർജികളും പ്രാസസ്സുകളും കുററപത്രങ്ങളും അക്വിറൻസുകളും റിഫർഷീററുകളും അതോടുള്ള റിക്കാർട്ടുകളും പലവക സാധനങ്ങളും പലവക ഹർജികളും സർക്കുലർ ഒഴികെ ഉള്ള ഉത്തരവുകളും സാധന പകർപ്പുകളും ചിട്ട പകർപ്പുകളും വിധിനടത്തു വാറണ്ടു ഈ ബുക്കുകളും പ്രാസസ്സ രജിസ്റ്റർ ബുക്കു സ്ഥലംപ്രതി കണക്കുകളും	
൧൦൮൦	ഇരുപതു വർഷം കഴിഞ്ഞിട്ടുള്ള നമ്പരുകളിലെ തീർപ്പു മുതലായതു	ജഡ്ജുമെൻറുകളും തീർച്ച ഉത്തരവുകളും രാജി ഹർജികളും മൊഴികളും അപ്പീൽ വിധി പകർപ്പു മുതലായതു	ഇതിലെ വിസ്താരങ്ങളും മുമ്പു പരസ്യം ചെയ്തു നശിപ്പിച്ചിട്ടുള്ളതിനാൽ ഇതുകളുടെ നമ്പർ പ്രത്യേകം ഇപ്പോഴും എഴുതിട്ടില്ലാത്തതാകുന്നു.

കൊട്ടയം ഡിസ്ത്രിക്ട രജിസ്ത്രാർ കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

രജിസ്റ്റർ ചെയ്തതിലും നിഷെധിച്ചതിലും കക്ഷികാരം തിരികെ വാങ്ങിക്കാഴിക നിമിത്തം ഈ ഡിസ്ത്രിക്ടിൽ ഉൾപ്പെട്ട സബ്ബ രജിസ്ത്രാർ കച്ചെരികളിൽ സൂക്ഷിച്ചുവരുന്നതും രജിസ്ത്രെഷൻ റെഗുലെഷനായ ൧൦൭൦ ാമാണ്ടത്തെ ൧ ാം റെഗുലെഷൻ ൬൩ ാം വകുപ്പു അനുസരിച്ചു ഉണ്ടായിട്ടുള്ള ൬൬ ാം ചട്ടിൻപ്രകാരം കക്ഷികൾക്കു നൊട്ടീസു അയക്കയും കച്ചെരിമുറ്റപ്പിലും ഗവർമ്മെൻറ ഗസെററിലും പരസ്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു രണ്ടു വർഷം കഴിഞ്ഞിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങളെ തിരികെ വാങ്ങിച്ചുകൊള്ളാത്ത പക്ഷം മൂന്നു മാസം കഴിഞ്ഞു ഉടനെ മെല്പറഞ്ഞ ചട്ടിലെ താല്പര്യം അനുസരിച്ചു നശിപ്പിക്കുന്നതാകയാൽ ആയയാധാരങ്ങൾ ഹാജരാക്കുകയൊ രസീതിനാൽ അധികാരം സിദ്ധിക്കപ്പെടുകയൊ ചെയ്ത ആളുകളൊ അവരുടെ അവകാശികളൊ അവധിക്കകം മറപൊലെ അതതു സബ്ബ രജിസ്ത്രാർ കച്ചെരികളിൽ ഹാജരായി തിരികെ വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു എന്നു

൧൦൮൧ ാമാണ്ട കന്നിമാസം ൭൹—
കൊട്ടയം

ഡിസ്ത്രിക്ട രജിസ്ത്രാർ കരുവിള വർക്കി

നമ്പർ	ആധാരം സൂക്ഷിച്ചിരിക്കുന്ന സബ്ബ രജിസ്ത്രാപ്പീസുകളുടെ പെരു	ആധാരത്തിൻെറ			ആധാരം രജിസ്റ്റർ ചെയ്തതൊ നിഷെധിച്ചതൊ എന്നു	പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തിയ		
		ആണ്ടു	പുസ്തകം	നമ്പർ		ആണ്ടു	മാസം	തിയ്യതി
൧	കുത്താട്ടുകുളം	൧൦൭൭	൧	൩൦൪	രജിസ്റ്റർ ചെയ്തതു	൧൦൭൮	കന്നി	൧൪
൨	ടി	ടി	൧	൧൪൭൩	ടി	ടി	ടി	ടി
൩	ടി	ടി	൧	൧൪൭൪	ടി	ടി	ടി	ടി
൪	ടി	ടി	൧	൧൭൫൮	ടി	ടി	വൃശ്ചികം	൩
൫	ടി	ടി	൧	൧൭൩൬	ടി	ടി	ടി	ടി
൬	ടി	൧൦൭൦	൪	൬	നിഷെധിച്ചതു	ടി	ടി	ടി
൭	ടി	൧൦൭൮	൩	൧൦	രജിസ്റ്റർ ചെയ്തതു	ടി	ധനു	൨൬
൮	ടി	ടി	൧	൧൧൯	ടി	ടി	ഇടവം	൨൭
൯	ടി	ടി	൧	൧൨൦	ടി	ടി	ടി	ടി
൧൦	ടി	ടി	൧	൧൨൧	ടി	ടി	ടി	ടി
൧൧	കൊട്ടയം	൧൦൬൮	൧	൬൩൪	ടി	൧൦൭൩	ടി	൯
൧൨	ടി	൧൦൭൦	൩	൪	ടി	൧൦൭൩	മിഥുനം	൮
൧൩	ടി	൧൦൭൩	൧	൩൪൭൫	ടി	൧൦൭൭	മേടം	൧൦
൧൪	ടി	൧൦൭൬	൧	൬൮	ടി	൧൦൭൩	മീനം	൧൩
൧൫	ടി	൧൦൭൭	൧	൧൯൮൩	ടി	൧൦൭൭	ആടി	൨൧
൧൬	ടി	൧൦൭൭	൧	൩൧൪൮	ടി	൧൦൭൮	തുലാം	൨൬
൧൭	ടി	൧൦൭൭	൧	൩൨൮൩	ടി	ടി	ടി	ടി

Private Advertisement.

Notice

Is hereby given that all creditors and other persons having any claims or demands upon or against the estate of John Peter Rodriquez late of No. 1/8 Kareappa Moodelly Street, Persewalkum, Madras, but now deceased (who died on the 20th day of February, 1905, and whose Will was proved in the High Court of Judicature at Madras on the 14th day of April, 1905, by Charles Henry Kennet Gardiner and Ferdinand Augustus Rodriquez two of the Executors therein named) are hereby required to send in particulars in writing of their claims or demands to the undersigned on or before the 31st day of October, 1905, after which date the said Executors will proceed to distribute the assets of the said deceased among the parties entitled thereto, having regard only to the claims and demands of which they shall have had notice and the said Executors will not be liable or accountable for the assets or any part thereof so distributed to any person of whose debt or claim they shall not have had notice.

Dated this 8th day of September, 1905.

A. E. RENCONTRE,
Executors' Attorney
No. 1, Armenian Street,
Madras.

പരസ്യം

ഞാൻ ഉപയോഗിച്ചുവന്ന മുദ്രയും ഒപ്പും മാറി ഒരു പുതിയ ഒപ്പു മാത്രം ഉപയോഗിക്കുന്നതിന്ന ഹജൂർ സമക്ഷത്തിൽ നിന്നും ൧൦൮൦-ാമാണ്ടു മിഥുനമാസം [illegible] തീയതി [illegible] നമ്പരായി [illegible] ഇണ്ടാസു [illegible] കിട്ടിയ [illegible] മിഥുനമാസം [illegible] മുതൽ പുതിയ ഒപ്പു മാത്രം ഉപയോഗിച്ചുവരുന്നു എന്നുള്ള വിവരം സകലമാനപേരെയും അറിയിച്ചുകൊള്ളുന്നു.

൧൦൮൧-ാമാണ്ടു കന്നിമാസം [illegible]

പ്രവൃത്യധികാരത്തിൽ കുറുമണ്ടച്ചേരിയിൽ
കാഞ്ഞിരത്തും വിളയിൽ പകവതി അനന്തൻ (ഒപ്പു.)

பட்டணபரிஷ்கரணக் கம்மிட்டி நாகர்கோவில்,

1080 வைகாசி மீ 28உ சனிக்கிழமை கூடின
மீட்டிங்கின் நடவடிக்கை.

ஹாஜர்.

ம. ரா. ரா. என். சுப்பிரமணியய்யர் அவர்கள் எம். ஏ., பிரசிடண்டு.
,, ஜி. வெங்கடசுப்பிரமணியய்யர் அவர்கள்.
,, எஸ். சுப்பிரமணியய்யர் அவர்கள்.
மிஸ்டர் எம். டி. டானியெல் பி. ஏ.
,, எஸ். ஆர். ஸ்வின்னி.

1. கவர்ன்மெண்டு அனுமதிக்கும் பொருட்டு லைசன்ஸ் பீசைத் தழுவியுள்ள சட்டங்களை கம்மிட்டி அனுப்பியிருந்தவைகளைப் பற்றி சிறில அபிப்பிராயங்கள் கூறி மே 19உ V. S 729 வது நம்பரில் அங்கிருந்து வந்த லெட்டர் வாசிக்கலாயிற்று.

அடியிற் கூறும்படித் தீர்மானிக்கலாயிற்று-

ரெகுலேஷனிற் கூறியிருக்கும் லைசன்ஸ்களை எந்த நிபந்தனைகட்குட்பட்டுக் கொடுக்கப்படவும், வழங்கவுஞ் செய்யலாமோ, அந்த நிபந்தனைகளை சட்டங்களிற் சேர்க்க வேண்டுமெ [illegible] நிபந்தனைகள் லைசன்ஸ் பாரத்தில் இப்போதே காணப்படுகின்றன.

(2) வேறொரு ரெகுலேஷனால், அதாவது, 1061 மாண்டு 3 வது ரெகுலேஷனால், டைனமைட்டைப் போலுள்ள வெடிக்கும் சாமான்களுக்கு லைசென்ஸ் கொடுப்பது இனி அவசியமாததாகக் கூறப்பட்டிருப்பதால், 1902 ஆகஸ்டு 12உ P. D. 1069 வது நம்பர் [illegible] கவர்ணமெண்டுத் தாக்கீதால், வெடிக்கும் சாமான்களுக்குள்ள லைசன்ஸ் [illegible] விஷயத்தில் தெளிவாய வேறு விதம் நிச்சயமுண்டாயிருப்பதினால், பட்டணபரிஷ்கரண ரெகுலேஷன்படி லைசன்ஸ் வாங்கக்கூடிய சாமான்களின் இனத்திலிருந்து, டைனமைட்டை நீக்குவது அவசியமாகக் கம்மிட்டிக்குத் தோற்றுகின்றது. அவ்வாறு [illegible] பட்டணபரிஷ்கரண ரெகுலேஷன் 33 வது வகுப்பின்படி ஒரு தெருவை [illegible] உபயோகிப்பதின் விஷயத்தில் அதற்குள்ள லைசன்ஸ் [illegible] வேண்டியதாயக் கம்மிட்டிக்குத் தோற்றவில்லை.

[illegible] விஷயத்தில், [illegible] கம்மிட்டி [illegible] 5 ரூபாய் ஆனது, [illegible] கம்மிட்டிக்குத் [illegible] சாமான்களுக்குக் [illegible] சாமான்களுக்குக் [illegible] நாகர்கோவிலில் [illegible] வேண்டிய பிராணிகளுக்கு [illegible] ஆவசிய மென்று கம்மிட்டிக்குத் தோன்றவில்லை [illegible] விஷயத்தில், கம்மிட்டியாரது அபிப்பிராயத்தைப் பற்றி [illegible] கம்மிட்டியின் [illegible] கம்மிட்டி கூறியிருக்கும் [illegible] அதிகாரத்தை [illegible], கம்மிட்டிக்கு [illegible].

[illegible] அபிப்பிராயங்களை [illegible] கவர்ன்மெண்டின் அங்கீகாரத்துக்காக [illegible] கவர்ன்மெண்டுக்கு அனுப்பத் தீர்மானிக்கலாயிற்று.

2 நாகர்கோவில் [illegible] நின்றும் [illegible] இப்போது [illegible] தெருவிலிருந்து [illegible] 139 வது [illegible] ரிப்போர்ட் வாசிக்கலாயிற்று.

நிக்காரி செய்யலாயிற்று.

3 நாகர்கோவில் [illegible] ஜூன் 10உ எழுதின லெட்டர் வாசிக்கலாயிற்று.

நிக்காரி செய்யலாயிற்று.

4. [illegible] 247 வது நம்பரில், [illegible] எழுதின ரிப்போர்ட் வாசிக்கலாயிற்று.

அதைப் பிரசிதப்படுத்தத் தீர்மானிக்கலாயிற்று.

5. பட்டணபரிஷ்கரண ரெகுலேஷன் 53-வது வகுப்புக்கு [illegible] 4-பர்களை வியாபாரத்துக்கு [illegible] தெருவித்து 246, 248-இந் நம்பர்களில் [illegible] டர் எழுதின ரிப்போர்ட்டுகள் வாசிக்கப்பட்டன.

அவர்களைப் பிராசிக்யூட் செய்யாதிருக்கக் காரணமிருக்குமானால் கூறவேண்டுமென்று அவர்களுக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

6. தங்களுடைய கொல்லைகளை வெளிகட்டாமலும், குப்பை நிறைந்த நிலைமையிலும் வைத்திருக்கும் ஆறு நபர்களின் லிஸ்டு அனுப்பி, ஸானிட்டரி இன்ஸ்பெக்டர் 249-வது நம்பரில் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

15-நாட்களுக்குள் கொல்லைகளைச் சீர்பண்ணி 5-அடிக்குறைவில்லாத சுவர்களால் மறைக்கும்பொருட்டு அவர்களுக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

7. ஆறுமுகம்பிள்ளைக்கு கயறு வியாபாரஞ் செய்யும்பொருட்டு லைஸென்ஸ் கொடுக்கச் சிபாரிசு செய்து 281-வது நம்பரில் ஸானிட்டரி இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கலாயிற்று.

அனுமதி கொடுக்கலாயிற்று.

8. அனுமதியின்றி இராமநாதப்பிள்ளை தெருவில் ஒரு பந்தல் போட்டிருப்பதாய்த் தெரிவித்து 257-வது நம்பரில் ஸானிட்டரி இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

தன்னைப் பிராசிக்யூட் செய்யாதிருக்கக் காரணமுண்டானால் கூறவேண்டுமென்று அந்நபருக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

9. ஸானிட்டரி இன்ஸ்பெக்டர் 176-வது நம்பரில் எழுதின ரிப்போர்ட்டும் லைஸென்ஸின்றி மண்ணெண்ணெய் வியாபாரஞ் செய்ததற்கு ஆறுமுகம்பிள்ளை கூறின சமாதானமும் வாசிக்கப்பட்டன.

இப்போதைக்கு தாக்கீது செய்யத் தீர்மானிக்கலாயிற்று.

நோட்டீஸில் பெயர்மாறிக் கூறியிருந்த காரணத்தால், வராதிருந்த மற்ற நபரின் விஷயத்தில், பிராசிக்யூட் செய்யாதிருக்கக் காரணமுண்டானால் கூறவேண்டுமென்று அந்நபருக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

என். சுப்பிரமணியய்யர்,
பிரசிடெண்டு.

பட்டண பரிஷ்கரணக் கம்மிட்டி நாகர்கோவில்.

௧0௮0 ஆனி ௨௫௨ சனிக்கிழமை கூடின மீட்டிங்கின் நடவடிக்கை.

ஆஜர்.

ம. ரா. ரா.	என். சுப்பிரமணியய்யர் அவர்கள் எம். ஏ., பிரசிடெண்டு.
,,	எஸ். இ. வைகுண்டமய்யர் அவர்கள் பி. ஏ., பி. வி. இ.
,,	எஸ். கிருஷ்ணமூர்த்தி அய்யர் அவர்கள் பி. ஏ., எம். பி. வி., எம்.
,,	எஸ். கேசவய்யர் அவர்கள் பி. ஏ., பி. எல்.
,,	எஸ். சுப்பிரமணியய்யர் அவர்கள்.
,,	எஸ். அனந்தநாராயணய்யர் அவர்கள்
மிஸ்டர்	எம். டி. டானியல் பி. ஏ.
ம. ரா. ரா.	என். அருணாசலம் பண்டாரம் அவர்கள்.
மிஸ்டர்	எஸ். ஆர். ஸ்வின்னி.

1. கம்மிட்டி சென்ற அக்டோபர் 29 ஆந்தேதி செய்த 13 வது தீர்மானத்தின்படி வடிவீசுரம் சந்தனமுத்து முதலிவடிவு என்பவர் ஆக்கிரமிச்சு செய்யப்பட்ட பூமியின்பேரில் தனக்குள்ள அவகாசத்தை ஸ்தாபனஞ்செய்கிறதாகவுள்ள சாட்சியங்கொண்டு வரவில்லாதபடியால் அவளுக்கு நோட்டீஸ் அனுப்பக்கேட்டு 286-ஆவது நம்பரில் ஸானிட்டரி இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

நோட்டீஸ் கிடைக்கும் தேதிமுதல் இரண்டு வாரங்களுக்குள் ஆக்கிரமிச்சுமென்றை நீக்கும்படி அவளுக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

2. நாகர்கோவிலில் இடையர்களாகிய பதமநாபன் சிதம்பரம் சுப்பிரமணியன் கந்தசுவாமியும் வியாபாரஞ்செய்யுமிடங்கள் ஆக்ஷேபிக்கத் தகுந்தவைகளாயிருப்பதினால் அவர்களுக்கு மாம்ஸம் விற்கும்பொருட்டு கொடுத்த லைஸென்ஸை ரத்துசெய்யக்கேட்டு 290-வது நம்பரில் ஸானிட்டரி இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

ஸானிட்டரி இன்ஸ்பெக்டர் ரிப்போர்ட்டு செய்திருக்கும் சங்கதிகளுக்காக லைஸென்ஸ் ரத்துசெய்யாதிருக்கக் காரணம் கூறுவதற்குண்டானால் கூறும்படி அவர்களுக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

3. சோலாபுரம் சங்கரநாராயணர் யாதொரு லைஸென்ஸின்றி விறகு கட்டும வியாபாரஞ்செய்கின்றனென்றனைத் தெரிவித்து 291 வது நம்பரில் ஸானிட்டரி இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

தன்னைப் பிராசிக்கியூட் செய்யாதிருக்கக் காரணமிருக்குமாறு கூறவேண்டுமென்று அநபருக்கு நோட்டீஸ் அனுப்பத் தீர்மானிக்கலாயிற்று.

4. கம்மிட்டி முன்னொரு தடவை தாக்கீதுசெய்திருந்தும் ஒழுகினசேரி சுப்பிரமணியன் ஆறுமுகம்பிள்ளை மண்ணெண்ணை வியாபாரஞ் செய்கின்றனென்றனைத் தெரிவித்து 298-வது நம்பரில் இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கலாயிற்று.

அந்நபரைப் பிராசிக்கியூட்டுசெய்யத் தீர்மானிக்கலாயிற்று.

5. தன் தோட்டத்தை வளைத்துக்கட்டும்பொருட்டு வடிவீசுவரம் ஆண்டிவாத்தியாருக்கு ஆனி 30௳ வரையில் சமயங் கூட்டிக்கொடுத்தது, 304 வது நம்பரில் இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கலாயிற்று.

அவ்வாறு சமயங் கொடுக்கத் தீர்மானிக்கலாயிற்று.

6. ரிப்போர்ட்டிற் கூறியிருக்கும் நான்கு ஜனங்களுக்கு விறகு வியாபாரஞ்செய்யும்பொருட்டு லைஸென்ஸ் கொடுக்கச் சிபார்சிசெய்து இன்ஸ்பெக்டர் எழுதின நான்கு ரிப்போர்ட்டுகள் வாசிக்கப்பட்டன.

அனுமதி கொடுக்கலாயிற்று.

7. பனைமரத்துண்டுகளை விற்கும்பொருட்டு அந்தோணி சக்கரக்குரிக்கு லைஸென்ஸ் கொடுக்கச் சிபார்சிசெய்து இன்ஸ்பெக்டர் எழுதின ரிப்போர்ட்டு வாசிக்கப்பட்டது.

அனுமதி கொடுக்கலாயிற்று.

8. ரிப்போர்ட்டிற் கூறியிருக்கும் நான்கு நபர்களுக்கு லைஸென்ஸ் கொடுக்கச் சிபார்சிசெய்து இன்ஸ்பெக்டர் எழுதின நான்கு ரிப்போர்ட்டுகள் வாசிக்கப்பட்டன.

அனுமதி கொடுக்கலாயிற்று.

என். சுப்பிரமணியய்யர்,
பிரசிடெண்டு.

പട്ടണ പരിഷ്കരണ കമ്മിററി ആലപ്പുഴ

൧൦൮൪ മിഥുനം ൧൯-നു ബുധനാഴ്ച കമ്മിററിയുടെ ആഫീസിൽ കൂടിയ വിശേഷാൽ യോഗത്തിലെ നടപടി

ഹാജർ —

മിസ്റ്റർ എ. ഡബ്ലിയു. എൽ. വർണീഡ്, പ്രസിഡണ്ട്.

നാടൻ അഫിഷ്യൽ മെംബർമാർ

മിസ്റ്റർ നാരൊജി പെസ്റ്റൊഞ്ജി നരിയൽവാല

മ. രാ. രാ. എം. അപ്പാവുപിള്ള അവർകൾ.

മിസ്റ്റർ വറുഗീസ് ചാണ്ടി ബി. എ., ബി. എൽ.

മ. രാ. രാ. കെ. പരമേശ്വരയ്യർ ബി. എ., ബി. എൽ.

അഫിഷ്യൽ മെംബർമാരും ഹാജരായിരുന്നു.

വരുന്ന തുലാമാസത്തിൽ തിരുവിതാംകോട്ട ശ്രീമൂലം പ്രജാസഭയിൽ ഈ കമ്മിററിയുടെ പ്രതിനിധിസ്ഥാനം വഹിക്കേണ്ടതിനു ഒരു മെംബരെ നിശ്ചയിക്കുന്നതിനു കൂടിയ യോഗം.

ഈ കമ്മിററിയുടെ പ്രതിനിധിസ്ഥാനം വഹിക്കുന്നതിനു മിസ്റ്റർ നാരൊജി പെസ്റ്റൊഞ്ജി നരിയൽവാലായെ നിയമിക്കാൻ നിശ്ചയിച്ചു, മിസ്റ്റർ നാരൊജി അതു സ്വീകരിക്കയും ചെയ്തു

യോഗം കാലത്തു ഒമ്പതേകാൽ മണിക്കു പിരിഞ്ഞു.

എ. ഡബ്ലിയു. എൽ. വർണീഡ്
പ്രസിഡണ്ട്.

ആലപ്പുഴ.

൧൦൮൦ കർക്കടകം ൧൯-നു ബുധനാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ.

മിസ്റ്റർ പി. എം. വക്കി അഗ്രാസനൻ.

മ. രാ. രാ. എം. അപ്പാവുപിള്ള അവർകൾ.

" പി. സുബ്രഹ്മണ്യയ്യർ അവർകൾ.

മിസ്റ്റർ നാരൊജി പെസ്റ്റൊഞ്ജി നരിയൽവാല.

യോഗം കാലത്തു ൮ മണിക്കു കൂടി.

൧. കഴിഞ്ഞ രണ്ടു വിശേഷാൽ യോഗങ്ങളിലെ മിനിട്ടുകൾ വായിച്ചു

൨. അലഞ്ഞുനടക്കുന്ന പട്ടികളെ സ്ട്രിക്നൈൻകൊണ്ടു കൊല്ലുന്നതിനെപ്പററി ജൂൺ ൩൦-നു-യ്ക്കു മദ്രാസ് ഗവർമ്മെൻറു പ്രെസിഡിങ്ങ് സിരൊറ പകൎപ്പു അയച്ചു ജൂലൈ ൧൦-നു- V. S. ൧൦൭൯-ാം നമ്പരിൽ ഹജൂരിൽ നിന്നയച്ച ലെററർ വായിച്ചു.

ഈ പട്ടണത്തിലും ആ സമ്പ്രദായം പരീക്ഷിച്ചു നോക്കാമെന്നു നിശ്ചയിച്ചു.

൩. മല്പുത്തിൽ തെ ട്ടത്തിൽകൂടി പൊകുന്ന വെള്ളച്ചാലിനെപ്പററി ആലപ്പുഴ പാർവത്യകാരൻെറ റിപ്പൊട്ടു അയച്ചു ൩൩൪-ാം നമ്പരിൽ അമ്പലപ്പുഴ തഹശിൽദാർ എഴുതിയ റിപ്പൊട്ടു വായിച്ചു.

പറമ്പിൽ തെട്ടത്തിനപ്പുറം വെള്ളച്ചാൽ സംബന്ധമായി യാതൊരു പബ്ലിക്ക റിക്കാർഡും ഇല്ലെന്നു റിപ്പൊട്ടിൽ നിന്നും കാണുന്നതിനാൽ ഇപ്പൊഴുള്ള വെള്ളച്ചാലിനു ഒരു പ്ലാൻ തയാറാക്കി അതും, ആ സ്ഥലത്തു ഒരു പബ്ലിക്ക വെള്ളച്ചാൽ ഉണ്ടാക്കുന്നതിലേക്കു ആവശ്യമായ ഭൂമി വാങ്ങേണ്ടിയിരിക്കുന്നതുകൊണ്ടു ചാലിൻെറ സ്ഥിതിയിൽ വല്ല ഭേദഗതിയും ചെയ്യാനുണ്ടെങ്കിൽ അതിൻെറ വിവരവും അയക്കണമെന്നു എഞ്ചിനിയർ ഡിപ്പാട്ടുമെൻറിൽ അപേക്ഷിക്കാൻ നിശ്ചയിച്ചു

൪. ൧൦൮൦-ാമാണ്ടത്തെ കച്ചവടം വകക്കു ലൈസൻസിന്നപേക്ഷിച്ചു താഴെ പറയുന്നവർ എഴുതിയ ഹർജികൾ വായിച്ചു.

൧. പിച്ചളവെള്ളിപാത്രങ്ങൾ ചില്ലറയായി മണ്ണെണ്ണക്കച്ചവടം ചെയ്യുന്നതിനു എൻ. എം. രാമയ്യർ.

൨. ചില്ലറയായി മണ്ണെണ്ണ വില്ക്കുന്നതിനു മാലുക്കു അഹമ്മതു ഇബ്രാഹിംപിള്ള.

൩. കൊപ്രാക്കച്ചവടത്തിനു ഈസാ ധാനു മഹമ്മതു.

൪. കയറുകൊണ്ടുള്ള സാമാനങ്ങൾ ചില്ലറയായി വില്ക്കുന്നതിനു അബൂബെക്കർ മുഹമ്മതു കുഞ്ഞു.

(൬) മീൻ ചില്ലറയായി വില്ക്കുന്നതിന്ന അബ്ദുരഹ്മാൻ മഹമ്മതു കഞ്ഞു
ഇവൎക്ക ലൈസൻസ കൊടുക്കാൻ നിശ്ചയിച്ചു.

ഒരു പന്തൽ കെട്ടുന്നതിലെക്ക ലൈസൻസിന്നപേക്ഷിച്ച ചൊത്തൻ ഔസേപ്പു എഴുതിയ ഹൎജിവായിച്ചു ലൈസൻസ കൊടുക്കപ്പെട്ടിരുന്നു.

അതിനെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചു.

൭. കൊട്ടക്കെട്ടടത്തിന സമീപമുള്ള കക്കൂസിലേക്ക പൊകുന്ന മടക്കിനെ സൎക്കാർ വൈദ്യൻ ഗൊവിന്ദപ്പിള്ള അടച്ചിരിക്കുന്നതിനാൽ ആ കക്കൂസ ഉപയോഗിക്കുന്നതിലുള്ള പ്രയാസത്തെപ്പററി ൩൩-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോൎട്ട വായിച്ചു.

സ്ഥലാതിക്രമണത്തെപ്പററി തീൎച്ചചെയ്യുന്നതുവരെ ആ മടക്കിനെ തുറന്നിട്ടിരിക്കുന്നതിലേക്ക വെദ്യനുമായി ഏൎപ്പാടചെയ്യാൻ പ്രസിഡൻറും മിസ്റ്റർ സുബ്രഹ്മണ്യയ്യരും ആ സ്ഥലം ചെന്നു നൊക്കണമെന്ന നിശ്ചയിച്ചു.

൮. ആലപ്പുഴസത്രം മെരാമത്തു ചെയ്യു സൂക്ഷിക്കുന്നതിനെപ്പററി അസിസ്റ്റൻറ സൎജ്ജൻ മിസ്റ്റർ പൊന്നമ്പലംപിള്ളയുടെ ലെററിൻെറ പകൎപ്പ അയച്ചുതന്നു കഴിഞ്ഞ ജൂൺ ൨൯-ാം M. ൭൦൦-ാം നമ്പരിൽ ഹജൂരിൽനിന്നു വന്ന ലെററർ വായിച്ചു.

ഈ വിഷയത്തിൽ ശ്രദ്ധിച്ചിട്ടുള്ളതിനാലും ഹജൂരിലേക്ക എഴുതിട്ടുള്ളതിനാലും റിക്കാൎഡു ചെയ്യു.

൯. പഴയങ്ങാടിപ്പള്ളിയിൽ വെടിക്കെട്ടുകൊണ്ടു ഒരാൾ മരിച്ചുപൊയതായ സംഭവത്തെപ്പററി ൩൪൭-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോൎട്ട വായിച്ചു.

അപായകരങ്ങളായ വെടിക്കെട്ടുകൾ ഉപയോഗിക്കുന്നതു പട്ടണപരിഷ്കരണ റെഗുലെഷൻ ൧൪-ാം വകുപ്പിന്ന വിരൊധമായിട്ടാകയാൽ അങ്ങനെ ചെയ്യുന്നതിനെ ഉടൻതന്നെ നിറുത്തണമെന്നും തമുക്കടിച്ചു പട്ടണത്തിൽ ഈ സംഗതിക്ക ഒരു പരസ്യം പ്രസിദ്ധപ്പെടുത്തെണ്ടതാണെന്നും നിശ്ചയിച്ചു. റെഗുലെഷൻ ൧൪-ാം വകുപ്പിൻപ്രകാരം ആ കുററത്തിന തന്നെ പ്രാസിക്യൂട്ടചെയ്യാതിരിക്കുന്നതിലെക്ക കാരണം കാണിക്കണമെന്നു ആ സംഭവം നടന്നസമയത്തു മെല്പടി പള്ളിയിൽ ഉത്സവം നടത്തിയ മാത്തുലബ്ബാക്ക എഴുതാൻ നിശ്ചയിച്ചു.

൧൦. മീൻചന്തയെപ്പററി സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ മൂന്ന റിപ്പോൎട്ടുകളും വായിക്കയും മാൎക്കററ കുത്തകക്കാരും പാറീതുവാവാ മുതലായവരും പറഞ്ഞ സമാധാനങ്ങളും കെൾക്കയും ചെയ്യു.

മാൎക്കററിലെക്ക കൊണ്ടുവരപ്പെടുന്ന മീൻകുട്ട ഒന്നിന ൭ കാശു വീതവും മാൎക്കററിൽ നിന്ന വെളിയിൽ കൊണ്ടുപൊകുന്ന കൊട്ടഒന്നിന ൩ കാശു വീതവും വസൂലാക്കുന്നതു ഇതുവരെ പതിവായിരിക്കയാൽ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ ഈ നിരക്കുതന്നെ പ്രമാണമായിരിക്കണമെന്ന നിശ്ചയിച്ചു. മാൎക്കററിലെക്ക ലൈസൻസക്കാരനായ ലാഡിൻ പാട്ടിയിലെ ചിക്കാരിക്ക ഈ തീരുമാനത്തിൻെറ ഒരു പകൎപ്പ അയച്ചുകൊടുക്കാൻ നിശ്ചയിച്ചു.

പി എം, വൎക്കി,
അഗ്രാസനൻ.

പട്ടണ പരിഷ്കരണ കമ്മിററി കോട്ടയം

൧൦൮൦ കൎക്കടകം ൧൩-ാം ശനിയാഴ്ച കൂടിയ യൊഗത്തിലെ നടപടി.

ഹാജർ—

മ. രാ. രാ. കെ. പി. ശങ്കരമെനൊൻ അവൎകൾ ബി. എ. ബി. എൽ. പ്രസിഡണ്ട
,, എസ. ശങ്കരപ്പിള്ള അവൎകൾ ബി. എ. വൈസ പ്രസിഡണ്ട

മിസ്റ്റർ എ. ടി തൊമസ എൽ. എം. എസ
,, പി. എം. ചാക്കൊ ബി. എ.
,, കെ. സി, മാമ്മൻ മാപ്പിള ബി. എ.
,, പി മെറിമാൻ

൧. ലൈസൻസുകൂടാതെ [illegible] റിപ്പോൎട്ടിൽ [illegible] ആളെ പ്രാസിക്യൂട്ട ചെയ്യാൻ [illegible] സാനിട്ടറി ഇൻസ്പെക്ടർ [illegible] റിപ്പോൎട്ട വായിച്ചു.

ആ കുററത്തിന തന്നെ പ്രാസിക്യൂട്ട ചെയ്യാതിരിക്കുന്നതിനു [illegible] അയാൾക്ക നൊട്ടീസയക്കാൻ നിശ്ചയിച്ചു.

൨. പതിനെട്ടു വിളക്കുകൾ നന്നാക്കുന്നതിലെക്കുള്ള ചിലവുവകക്കു ൩ ഉറുപ്പിക ൫ ചക്രം അനുവദിക്കുന്നതിന്നപെക്ഷിച്ചു ൩൦൯, ൩൧൩ ാം നമ്പരുകളിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പൊർട്ടു വായിച്ചു

തൻ ചിലവു ഇനത്തിൽ നിന്നു ടി സംഖ്യ അനുവദിക്കാൻ നിശ്ചയിച്ചു.

൩. ൧൧ പുതിയ ചിമ്മിനികൾ വാങ്ങുന്നതിനു ൩ ഉറുപ്പിക ൭ ചക്രം അനുവദിക്കുന്നതിന്നപെക്ഷിച്ചു ൩൧൩, ൩൧൨ ാം നമ്പരുകളിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പൊർട്ടു വായിച്ചു.

തൽചിലവു ഇനത്തിൽ നിന്നു ടി സംഖ്യ അനുവദിക്കാൻ നിശ്ചയിച്ചു

൪. ഏതാനും വിഷപരിഹരണൌഷധങ്ങളും മററു സാമാനങ്ങളും വാങ്ങിക്കുന്നതിലെക്കു ൩൯ ഉറുപ്പിക ൧൪ ചക്രം അനുവദിക്കുന്നതിന്നപെക്ഷിച്ചു ൩൦൯, ൩൧൦ ാം നമ്പരുകളിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പൊർട്ടുകൾ വായിച്ചു.

വിഷപരിഹരണൌഷധം എന്നുള്ള ഇനത്തിൽ നിന്നു ടി സംഖ്യ അനുവദിക്കാൻ നിശ്ചയിച്ചു.

൫. ൧൦൯൪ ാമാണ്ടത്തെക്കു മണ്ണെണ്ണ വിൽക്കുന്നതിനു റിപ്പൊർട്ടിൽ പെർ പറഞ്ഞിരിക്കുന്ന ആളുകൾക്കു ലൈസൻസു കൊടുക്കാൻ ശിപാർശചെയ്തു ൩൧൫ ാം നമ്പരിൽ സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പൊർട്ടു വായിച്ചു.

അപ്രകാരം ലൈസൻസു കൊടുക്കാൻ ശിപാർശചെയ്തു.

൬. ആരൊഗ്യഹാനികരമായ മാംസം വിൽക്കുന്നതിനെ തടുക്കുന്നതിലെക്കു വ്യവസ്ഥകൾ ചെയ്യുന്നതിനെപ്പററി ജൂലൈ ൧൯൧൮-ലെ ൪൩ ാം നമ്പർ നിശ്ചയപ്രകാരം ആവശ്യപ്പെട്ടതനുസരിച്ചു സബ കമ്മിററി എഴുതിയ റിപ്പൊർട്ടു വായിച്ചു.

താഴെ പറയുന്ന അഭിപ്രായങ്ങളെ സ്വീകരിക്കയും നടപ്പാക്കയും ചെയ്വാൻ നിശ്ചയിച്ചു.

(൧) ലൈസൻസു കൂടാതെ പട്ടണത്തിനകത്തു വല്ല സ്ഥലത്തും വില്പനക്കു വച്ചിരിക്കുന്ന മാംസത്തിന്റെ സംഗതിയിൽ ൧൨൧, ൧൨൨ ാം വകുപ്പുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള പ്രകാരം നടപടി ചെയ്യുന്നതിലെക്കു കൊട്ടയം പൊലിസുകാരരൊടു ആജ്ഞാപിക്കണമെന്നു പൊലിസു അസിസ്റ്റണ്ടു സൂപ്രിൻഡണ്ടിനൊടു അപെക്ഷിക്കണം.

(൨) പട്ടണപരിഷ്കരണകമ്മിററി റിഗുലെഷനെ ഭെദപ്പെടുത്തുമ്പൊൾ ലൈസൻസുകൂടാതെ മാംസം വിൽക്കാൻ വച്ചിരിക്കുന്ന ആളുകളെ അറസ്റ്റുചെയ്യുന്നതിലെക്കു കമ്മിററിവക ജീവനക്കാരെ അധികാരപ്പെടുത്തുന്ന കാര്യത്തെപ്പററി പര്യാലൊചിച്ചു ശിപാർശ ചെയ്യണം.

(൩) ഒരു പബ്ലിക്കു കശാപ്പുസ്ഥലം ഉണ്ടാക്കുന്നതിലെക്കു അനുവദിക്കാൻ ഗവമ്മെണ്ടിനൊടു അപെക്ഷിക്കണം.

(൪) ഒരു കശാപ്പുസ്ഥലം ഉണ്ടാക്കുന്നതിലെക്കു ടൌണിൽ നിന്നു അകലെയല്ലാത്ത വല്ല ഗവമ്മെണ്ടുസ്ഥലവും ഉണ്ടൊ എന്നു നൊക്കി നിശ്ചയിക്കുന്നതിനു ദിവാൻപെഷ്കാരരൊടു അപെക്ഷിക്കണം.

(൫) ൧൦൮൪ മെ ൭൬- ഗവമ്മെണ്ടിൽ നിന്നു നടപ്പാക്കിയ ചട്ടങ്ങൾ അനുസരിച്ചു കശാപ്പുചെയ്യുന്നതിലെക്കു ലൈസൻസുള്ള ആളുകൾ അനുസരിച്ചു നടക്കെണ്ട വ്യവസ്ഥകളൊടുകൂടി താഴെ പറയുന്ന രണ്ടു ഖണ്ഡങ്ങളെക്കൂടി ചെക്കുന്നതിനു ഗവമ്മെണ്ടിനൊടു അപെക്ഷിക്കണം.

(എ) ഏതെങ്കിലും ഒരുദിവസം ൨ാം ഖണ്ഡം അനുസരിച്ചു മുദ്രയടിക്കപ്പെട്ട എല്ലാ മൃഗങ്ങളെയും ആ ദിവസമല്ലെങ്കിൽ അതിന്നടുത്ത ദിവസമെങ്കിലും കശാപ്പു ചെയ്യെണ്ടതാകുന്നു; വല്ല മൃഗത്തെയും അപ്രകാരം കശാപ്പുചെയ്തില്ലെങ്കിൽ അതിനെ വീണ്ടും പരിശൊധിക്കുന്നതിലെക്കായി കൊണ്ടുപൊകെണ്ടതും കശാപ്പുചെയ്യാവുന്നതായി കണ്ടാൽ വീണ്ടും മുദ്രവെക്കെണ്ടതുമാകുന്നു.

(ബി) മുദ്ര വെക്കപ്പെടുന്ന ഓരൊ കന്നുകാലിയെയും വൈകിട്ടു ൬ മണിമുതൽ ൭ മണിവരെക്കും ഓരൊ ആട്ടിനെയും കാലത്തു ൩ മണിമുതൽ ൫ മണിക്കകവും കശാപ്പു ചെയ്യെണ്ടതാകുന്നു

൬. മുദ്രവെക്കപ്പെടാത്ത യാതൊരു മൃഗത്തെയും കശാപ്പുചെയ്യുന്നില്ലെന്നു നിശ്ചയംവരുത്തിക്കൊള്ളുന്നതിലെക്കു നിശ്ചയിക്കപ്പെട്ട മണിക്കൂറുകളിൽ കശാപ്പുസ്ഥലങ്ങളിൽ ഹാജരായിരിക്കുന്നതിലെക്കു പ്രത്യെകം ഒരു ശിപായിയെ നിശ്ചയിക്കണമെന്നു സാനിട്ടെറി ഇൻസ്പെക്ടർക്കു എഴുതണം.

൭. മുമ്പിൽ കൂട്ടി പറയാതെതന്നെ കശാപ്പു പുരകളിലും മാംസക്കടകളിലും ചെന്നു നൊക്കുന്നതിനു മെഡിക്കൽ മെമ്പരൊടു അപെക്ഷിക്കാൻ നിശ്ചയിച്ചു.

കെ. പി. ശങ്കരമെനൊൻ,
പ്രസിഡണ്ട്.

പട്ടണപരിഷ്കരണ കമ്മിററി കൊട്ടയം.

൧൦൯൦ മിഥുനം ൧൨-ാം ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ.—

മ. രാ. രാ. കെ. പി. ശങ്കരമേനോൻ അവർകൾ ബി. എ., ബി. എൽ. പ്രസിഡൻറ.

,, എസ്സ്. ശങ്കരപ്പിള്ള അവർകൾ ബി. എ. വൈസ്സ് പ്രസിഡൻറ.

,, എസ്സ്. കല്യാണരാമയ്യർ അവർകൾ.

മിസ്റ്റർ പി. എം. ചാക്കോ ബി. എ.

,, ഐ. സി. മാമ്മൻ മാപ്പിള ബി. റ്റി.

മ. രാ. രാ. കുമാരമേനോൻ അവർകൾ.

മിസ്റ്റർ സി. ചെറിയാൻ.

൧. ഹജൂരിൽ നിന്നു വന്ന താഴെ പറയുന്ന ലററുകൾ വായിച്ചു റിക്കാർട്ടുചെയ്തു.

കൊട്ടയം ഡിസ്ത്രിക്ടു ആശുപത്രി മേലുവിചാരം ചെയ്യുന്ന മെഡിക്കൽ ആഫീസരെ കമ്മിററിയിലെ എക്സ്‌അഫിഷ്യോ മെംബറായി നിയമിക്കുന്നതിനു ഗവർമെൻറ അനുവദിക്കുന്നതായി പ്രസ്താവിച്ചു ജൂൺ ൧-ാനു- അയച്ചതു.

൨. കൂടുതലായി കല്ലുവണ്ടികളും പവർ തൊട്ടികളും വാങ്ങുന്നതിലേക്കു കൂടുതൽ സംഖ്യ അനുവദിക്കാനിടയില്ലെന്നു പ്രസ്താവിച്ചു ജൂൺ ൨൧-ാനു- V. S. ൨൫൭-ാം നമ്പരിൽ ഹജൂരിൽ നിന്നു വന്ന ലററർ.

(൩) മരിച്ചുപോയ മിസ്റ്റർ [illegible] പകരം കമ്മിററിയിലെ ഒരു നാമനിർദ്ദേശിത മെംബറായി മിസ്റ്റർ ആർ. വേലുപ്പിള്ളയെ നിയമിച്ചിരിക്കുന്നതായി പ്രസ്താവിച്ചു ജൂൺ ൨൬-ാനു- V. S. [illegible]-ാം നമ്പരിൽ അയച്ച ലററർ.

൪. സാനിറററി ഇൻസ്പെക്ടർക്കു അവധികൊടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളപ്രകാരം ഗവർമെൻറിൽ നിന്നു അനുവദിക്കാനിടയില്ലെന്നും ഇൻസ്പെക്ടർ ജോലിക്കു വേണ്ട യോഗ്യതയുള്ള ആളല്ലെങ്കിൽ ഇൻസ്പെക്ടറെ ജോലിയിൽ നിന്നു വിടത്താവുന്നതാണെന്നു പ്രസ്താവിച്ചു ഹജൂരിൽ നിന്നു ജൂൺ ൨൧-ാനു- അയച്ച ലററർ വായിച്ചു.

റിക്കാർട്ടു ചെയ്തു.

സാനിറററി ഇൻസ്പെക്ടർ പ്രാപ്തിയുള്ള ആളാണെന്നും ഡിപ്പാർട്ടുമെൻറിൽ വളരെക്കാലമായി ജോലിചെയ്തിട്ടുള്ള ഹേതുവായി തന്റെ ജോലി തൃപ്തികരമായി ചെയ്യുന്നതിനു യോഗ്യതയുള്ളാളാണെന്നും കമ്മിററിക്കു അഭിപ്രായമായിരിക്കുന്നതിനാൽ ഇൻസ്പെക്ടറെ ജോലിയിൽ നിന്നു വിടത്തേണ്ടതില്ലാ. ഇൻസ്പെക്ടർക്കു അവധി കൊടുക്കാൻ ഗവർമെൻറിനു മനസ്സില്ലാത്തതിനാൽ സാനിറററി കമ്മിഷണർ ഉപദേശിച്ചിട്ടുള്ളതുപോലെ മദ്രാസിൽ ചെന്നു ജോലിപരിചയിക്കുന്നതിനു ഇൻസ്പെക്ടറെ അയക്കേണ്ട ആവശ്യമില്ലെന്നും കമ്മിററി അഭിപ്രായപ്പെടുന്നു.

൫. അലഞ്ഞുനടക്കുന്ന പട്ടികളെ സ്ട്രിക്നൈൻ (ഒരു വിഷം) കൊണ്ടു കൊല്ലുന്നതിനെപ്പററി ഉണ്ടായ ഗവർമെൻറ പ്രൊസീഡിംഗ്സിൻറെ ഒരു പ്രതി അറിവിലേക്കായി അയച്ചതായി ജൂൺ ൨൦-ാനു- ഹജൂരിൽ നിന്നു എഴുതിയ ലററർ വായിച്ചു.

പ്രൊസീഡിംഗ്സിൻറെ പകർപ്പും വായിച്ചു. ഗവർമെൻറിലെ ഉപദേശങ്ങളെ ഫലവത്തായി നടപ്പിൽ വരുത്തുന്നതിലേക്കു ഏററവും നല്ലമാർഗ്ഗം എന്താണെന്നു വിസ്തരിച്ചു റിപ്പോർട്ടുചെയ്യുന്നതിനു സാനിട്ടറി ഇൻസ്പെക്ടറോടു ആവശ്യപ്പെടാൻ നിശ്ചയിച്ചു.

൬. ഒരു [illegible] ആറാംകുററപ്പെട്ടതിയതിലേക്കു മാസിമാത്തൻ എന്ന ആളെ പ്രോസിക്യൂട്ടു ചെയ്യുന്നതിലേക്കു അനുവാദത്തിനു അപേക്ഷിച്ചു ഇൻസ്പെക്ടർ ൩൯-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടു വായിച്ചു.

ആയാളെ ഇതിലേക്കു പ്രോസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ പറയണമെന്നു അയാളോടു നോട്ടീസ്സയക്കാൻ നിശ്ചയിച്ചു.

റിപ്പോർട്ടിൽ പേരുപറഞ്ഞിരിക്കുന്നവർക്കു അവരുടെ പുരയിടങ്ങളെ അടച്ചുകെട്ടി വൃത്തിയാക്കണമെന്നു നോട്ടീസ്സയക്കാൻ ശിപാർശചെയ്തു ൪൫-ാം നമ്പരിൽ ഇൻസ്പെക്ടർ അയച്ച റിപ്പോർട്ടു വായിച്ചു.

അവരുടെ പുരയിടങ്ങളെ ൭ ദിവസത്തിനകം അടച്ചുകെട്ടി വൃത്തിയാക്കണമെന്നു നോട്ടീസ്സയക്കാൻ നിശ്ചയിച്ചു.

൬. ലൈസൻസ്സുകൂടാതെ കശാപ്പുകാരനായ ഉമ്മയാർ എന്നയാൾ മുദ്രയടിക്കാത്ത ഒരു ആട്ടിനെ കശാപ്പുചെയ്തു കാര്യത്തെപ്പററി കമ്മിററിയുടെ ഉത്തരവു കിട്ടണമെന്നു അപേക്ഷിച്ചു സാനിറെററി ഇൻസ്പെക്ടർ ൬൨-ാം നമ്പരിൽ എഴുതിയ റിപ്പോർട്ട് വായിച്ചു.

അയാളെ ആ കുററത്തിനു പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ പറയണമെന്നു ഉമ്മാറിനു നോട്ടീസ്സയക്കാൻ നിശ്ചയിച്ചു.

൭. റിപ്പോർട്ടിൽ പേരുപറഞ്ഞ ആളുകൾ തന്റെ പുരയിടം വൃത്തിയാക്കണമെന്നു നോട്ടീസ്സയക്കാൻ ശിപാർശചെയ്തു ൬൨-ാം നമ്പരിൽ സാനിറെററി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

൭ ദിവസത്തിനകം തന്റെ പുരയിടത്തെ വൃത്തിയാക്കേണ്ടതാണെന്നു അയാൾക്കു നോട്ടീസ്സയക്കാൻ നിശ്ചയിച്ചു.

൮. റിപ്പോർട്ടിൽ പേരുപറഞ്ഞിരിക്കുന്ന ആളുകൾ മണ്ണെണ്ണ കച്ചവടം ചെയ്യുന്നതിനു ലൈസൻസ്സ കൊടുക്കാൻ ശിപാർശചെയ്തു സാനിറെററി ഇൻസ്പെക്ടർ ൬൦-ാം നമ്പരിൽ എഴുതിയ റിപ്പോർട്ട് വായിച്ചു.

അപ്രകാരം ലൈസൻസ്സ കൊടുക്കാൻ നിശ്ചയിച്ചു.

൯. ലൈസൻസ്സുകൂടാതെ തെരുവിൽ ഒരു തടി ഇട്ടതിലേക്കു തന്നെ പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം കാണിച്ചും ലൈസൻസ്സ ഫീസ്സ തന്നിൽ നിന്നു ഈടാക്കാതിരിക്കാൻ കാരണം കാണിച്ചും ഇട്ടിച്ചെറിയ ചാക്കൊ എഴുതിയ ഹർജി വായിച്ചു.

സമാധാനം തൃപ്തികരമായിരിക്കുന്നില്ല.

രണ്ടാഴ്ചവട്ടത്തിനകം ലൈസൻസ് വാങ്ങിക്കൊള്ളേണ്ടതാണെന്നും അങ്ങനെ ചെയ്യില്ലെങ്കിൽ അയാളെ പ്രാസിക്യൂട്ടുചെയ്യുന്നതാണെന്നും അയാൾക്കു നോട്ടീസ്സയക്കാൻ നിശ്ചയിച്ചു.

൧൦. ഉപദ്രവം ചെയ്യുന്നതായ തന്റെ പട്ടിയെ വായ്ക്കൂട്ടുകൂടാതെ റോട്ടിൽ പ്രവേശിപ്പിച്ചതിലേക്കു തന്നെ പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണംകാണിച്ചു ചാക്കൊ കൊറാ എഴുതിയ ഹർജി വായിച്ചു.

പ്രാസിക്യൂട്ടുചെയ്യാൻ ആവശ്യമില്ലെന്നു നിശ്ചയിച്ചു.

൧൧. തടിക്കച്ചവടം ചെയ്യാൻ തനിക്കു ലൈസൻസ്സ കിട്ടേണ്ടുന്ന വിഷയത്തെപ്പററി വ. ർക്ക്ഷാപ്പു മാനേജർ എം. ഐ. ചെറിയാൻ എഴുതിയ ഹർജി വായിച്ചു.

അപ്രകാരം ലൈസൻസ്സ കൊടുക്കാൻ നിശ്ചയിച്ചു.

൧൨. പ്ലാപ്പറമ്പിൽ നാരായണനു റിഗുലേഷൻ ൮൦-ാം വകുപ്പനുസരിച്ചു നോട്ടീസ്സയക്കാൻ ശിപാർശചെയ്തു ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടും കൊട്ടയം തഹശീൽദാർ അതിന്മേൽ ൧൩൭൭-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടും വായിച്ചു.

റിക്കാർട്ടുചെയ്തു.

൧൩. മാർക്കെററിനടുത്തുള്ള കിണറിനു ചുററും കല്ലിട്ടുകെട്ടുകയും ചാലുണ്ടാക്കുകയും ചെയ്യുന്നതിലേക്കു ഒരു എസ്റ്റിമെററു അയച്ചു നാലാം നമ്പരിൽ കൊട്ടയം റെയിഞ്ചു അമിനാദാർ എഴുതിയ റിപ്പോർട്ടു വായിച്ചു.

എസ്റ്റിമെററു വായിച്ചു.

റിക്കാർട്ടുചെയ്തു.

൧൪. തന്റെ സ്വന്തം ചിലവിനു ജനങ്ങളുടെ ഉപയോഗത്തിനായി ഒരു പുറമ്പോക്കു സ്ഥലത്തു ഒരു കിണറു കുഴിക്കുക മുതലായ കാര്യങ്ങൾ ചെയ്യുന്നതിനു അനുവാദത്തിനപേക്ഷിച്ചു പത്തൻ ബംഗ്ലാവിൽ കണക്കു പത്മനാഭൻ ശിവരാമൻ എഴുതിയ ഹർജി വായിച്ചു.

ഹർജിയിൽ പറഞ്ഞിരിക്കുന്ന സ്ഥലം സർക്കാർ പുറമ്പോക്കു തന്നെയൊ എന്നു അടുത്ത സാധാരണയോഗത്തിനു മുമ്പെ റിപ്പോർട്ടുചെയ്യണമെന്നു തഹശീൽദാർക്കു എഴുതാൻ നിശ്ചയിച്ചു.

൧൫. ലൈസൻസ്സുകൂടാതെ ചിട്ടവിററതിലേക്കു തങ്ങളെ പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണംകാണിച്ചു കടുത്ത കരവനും കണ്ടൻ നാരായണനും എഴുതിയ ഹർജി വായിച്ചു.

പ്രാസിക്യൂട്ടുചെയ്യേണ്ടതില്ലെന്നു നിശ്ചയിച്ചു.

൧൬. മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനെയും മാംസം വില്ക്കുന്നതിനെയും സംബന്ധിച്ചു വേണ്ട ഏർപ്പാടുകളെപ്പററി അടുത്ത കമ്മിററിയോഗത്തിനു മുമ്പു റിപ്പോർട്ടു ചെയ്യുന്നതിനു ഹെൽത്ത് ആഫീസർ മിസ്റ്റർ. രാമൻതമ്പി മിസ്റ്റർ. [illegible] ഇവരെ [illegible] നിയമിക്കാൻ നിശ്ചയിച്ചു.

൧൭. നാൺ അഫിഷ്യൽ മെംബറന്മാർ എല്ലാപേരും ഹജരായിരിക്കയാൽ തിരുവിതാംകൊട്ട ശ്രീമൂലം പ്രജാസഭയിലെക്ക ഒരു മെംബറെ നിയമിക്കുന്നതിനും അപ്രകാരം നിശ്ചയിക്കപ്പെടുന്ന മെംബറുടെ പെരു റിപ്പൊർട്ട ചെയ്കയും ശ്രീമൂലം പ്രജാസഭയിൽ വാദവിഷയങ്ങളായി കൊണ്ടുവരാൻ തങ്ങൾ ഇച്ഛിക്കുന്ന വിഷയങ്ങളുടെ വക്ക മെമ്മൊറാണ്ഡം ൧൯൦൭ മെ ൧൮-ലെ ഗവർൺമെൻറ പ്രൊസിഡിംഗ്സും പരസ്യവും അനുസരിച്ച അയക്കുകയും ചെയ്യുന്നതിനും അവരൊട പ്രസിഡൻറ അപെക്ഷിച്ചു.

കെ. പി. ശങ്കരമെനൊൻ,
പ്രസിഡൻറ.

പട്ടണപരിഷ്കരണകമ്മറ്റി തിരുവനന്തപുരം.

൧൦൮൨ാം കർക്കടകം ൧൮-നു ശനിയാഴ്ച കൂടിയ യൊഗത്തിലെ നടപടി

ഹാജർ :—

മ. രാ. രാ. പി. രാമകൃഷ്ണയ്യർ അവർകൾ ബി. എ. പ്രസിഡന്റ,
„ എസ്. കൃഷ്ണമൂർത്തി അയ്യർ അവർകൾ ബി. എ. എം. ബി. സി. എം.
„ വി. കെ. നാരായണൻ ഉണ്ണിത്താൻ അവർകൾ എ. സി. ഇ

ഹജൂരിൽ നിന്നു വന്ന താഴെ പറയുന്ന ലെറ്ററുകളിലെ വിഷയങ്ങളിൽ നടപടി ചെയ്തിട്ടുള്ളതിനാൽ അവയെ വായിച്ചു റിക്കാർഡു ചെയ്തു

(൧). കരമന, പുത്തൻതെരുവു മുതലായ സ്ഥലങ്ങളിൽ കഴിഞ്ഞ മാച്ചമാസം തീപിടിത്തം ഉണ്ടായപ്പൊൾ ഏതാനും പീപ്പകൾ വാങ്ങുന്നവകക്ക ചിലവാക്കിയ ൬൧ രൂപാ ൧൧ ചക്രം തന്നാണ്ടത്തെ ബഡ്ജറ്റിൽ സിബ്ബന്തിച്ചിലവു എന്ന ഇനത്തിൽ ബാക്കിയിൽ നിന്നു അനുവദിച്ച V S ൧൨൭൯ ാം നമ്പരിൽ അയച്ച ലെറ്റർ.

(൨) സ്വന്തം ജൊലിയൊടുകൂടി അസിസ്റ്റാന്റു ക്ലൎക്കിന്റെ ജൊലികൂടി നൊക്കിയ കാലത്തെക്ക ഹെഡ്ക്ലൎക്കിനു മാസം ഒന്നിനു ൨ കാൽ രൂപാ അലവൻസു അനുവദിച്ച V S. ൧൨൭൭ ാം നമ്പരിൽ വന്ന ലെറ്റർ.

(൩) മദ്രാസ സംസ്ഥാനത്തിൽ അസിസ്റ്റന്റു സർജൻ വെലക്കുള്ള മിസ്റ്റർ ബി കൃഷ്ണറാവുവിന്റെ ഹർജിയിന്മെൽ ഗവർൺമെൻറിൽ നിന്നു യാതൊരു ശിപാൎശയും ചെയ്യാനിടയില്ലെന്നു പ്രസ്താവിച്ച V. S. ൧൨൭൬ ാം നമ്പരിൽ വന്ന ലെറ്റർ.

(൪) അവധിച്ചട്ടങ്ങളിലെ ൩൪ ാം വകുപ്പനുസരിച്ചു ആക്ടിംഗ ഹെൽത്താപ്പീസർ മിസ്റ്റർ ബി കെശവരായക്ക മാസം ഒന്നിനു ൫ രൂപാ കൂടുതൽ അലവൻസു അനുവദിച്ചും മെലും താമസിക്കാതെ തന്റെ ജൊലിയിൽ തിരിയെ പ്രവെശിക്കയൊ ജൊലി രാജികൊടുക്കയൊ ചെയ്യെണ്ടതാണെന്നു മിസ്റ്റർ കൃഷ്ണറാവുവിനു നൊട്ടീസു കൊടുക്കാൻ അപെക്ഷിച്ചും ൧൨൭൮ ാം നമ്പരിൽ വന്ന ലെറ്റർ.

൨ തൽക്കാലത്തെക്കുള്ള ക്ലീനസുകൾ നന്നാക്കുന്നവകക്ക ൩൦൦ രൂപാ പ്രത്യെകമായി അനുവദിക്കുന്നതിനു ഗവൎമ്മെൻറിലെക്ക എഴുതാൻ അപെക്ഷിച്ചു ൬൫൭ ാം നമ്പരിൽ ഹെൽത്താപ്പീസർ എഴുതിയ റിപ്പൊർട്ട വായിച്ചു.

ഹെൽത്താഫീസരുടെ റിപ്പൊർട്ടിൽ പറയുന്നപ്രകാരം കെട്ടുപാടുകൾ തീർക്കുന്നതിനു അനുവദിക്കയും അതിലെക്കുള്ള ചിലവു അടുത്ത ആണ്ടത്തെ ബഡ്ജറ്റിൽ നിന്നും നിവൃത്തിക്കയും ചെയ്യണമെന്നു നിശ്ചയിച്ചു.

൩. കപ്പുവകക്കുള്ള നാലു കൈവണ്ടികൾ അററകുറ്റം തീർക്കുന്നതിനു ൫൦ രൂപാ പ്രത്യെകമായി അനുവദിക്കുന്നതിനു അപെക്ഷിച്ചു ൬൭൪ ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പൊർട്ട വായിച്ചു.

വരുന്നാണ്ടു ആദ്യത്തൊടുകൂടി ആ വെല നടത്തുകയും അതിലെക്കുള്ള ചിലവു വരുന്നാണ്ടത്തെ ബഡ്ജറ്റിൽ നിന്നു നിവൃത്തിക്കയും ചെയ്യണമെന്നു നിശ്ചയിച്ചു.

൪. സാനിട്ടറി ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിനു ൫ കപ്പുവണ്ടികൾ ഉണ്ടാക്കുന്നതിലെക്ക കമ്പ്ലീഷൻബില്ല അയച്ച ൧൨൯൨ ാം നമ്പരിൽ മരാമത്തു ഓവർസിയർ എഴുതിയ റിപ്പൊർട്ട വായിച്ചു.

മരാമത്തു ഓവർസിയർ അയച്ച ബില്ലിനെ അസിസ്റ്റാന്റു എൻജിനിയർ മിസ്റ്റർ വി. കെ. നാരായണനുണ്ണിത്താൻ പരിശോധിക്കണമെന്നു നിശ്ചയിച്ചു.

൫. തെരുവിൽ അഴുക്കുവെള്ളം പായിച്ചതിനു അയ്യാസ്വാമിപ്പിള്ളയെ പ്രാസിക്യൂട്ടു ചെയ്യാൻ അനുവാദത്തിനപേക്ഷിച്ചു ൩൫൫-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

അയാളെ പ്രാസിക്യൂട്ടു ചെയ്യേണ്ടതില്ലെന്നും ആ റോഡിലെ ഇരുവശത്തും ചാലുണ്ടാക്കുന്നതു ആവശ്യമാണെന്നു ഗവൺമെന്റിലേക്കു എഴുതണമെന്നും നിശ്ചയിച്ചു.

൬. കമ്മിററി അയച്ച നോട്ടീസിനെ റിപ്പോർട്ടിൽ പറഞ്ഞ ആൾ അനുസരിച്ചിട്ടില്ലെന്നു പ്രസ്താവിച്ചു ൩൫൬-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

നോട്ടീസു പ്രകാരം കക്കൂസു ശുചിയായി വെക്കാത്തതിനു അയാളെ പ്രാസിക്യൂട്ടു ചെയ്യാൻ നിശ്ചയിച്ചു.

൭. റിപ്പോർട്ടിൽ പേരുപറഞ്ഞിരിക്കുന്ന ആൾക്കു ഒരു കക്കൂസു ഉണ്ടാക്കുകയും വീട്ടുകക്കൂസു ശുചീകരണം ഏർപ്പെടുത്തുകയും ചെയ്യണമെന്നു നോട്ടീസയക്കാൻ ശിപാർശചെയ്തു ൩൬൦-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

ഒരു കക്കൂസു ഉണ്ടാക്കി അതിനെ ശുചിയാക്കി വെച്ചുകൊള്ളുന്നതിനു അയാൾക്കു നോട്ടീസയക്കാൻ നിശ്ചയിച്ചു.

൮. കരമനയിൽ വീട്ടുകക്കൂസു ശുചീകരണം ഏർപ്പെടുത്തുന്നതു സംബന്ധിച്ചു വരി നിശ്ചയിക്കണമെന്നുള്ള അഭിപ്രായം ൧൦൯൨-ാമാണ്ടത്തെ ൩-ാം റിഗുലേഷൻ ൮൯-ാം വകുപ്പു ൮-ാം ഖണ്ഡം അനുസരിച്ചു അനുവദിക്കുന്നതിനായി ഗവൺമെന്റിലേക്കു അയക്കാൻ നിശ്ചയിച്ചു

പി. രാമകൃഷ്ണയ്യർ,
പ്രസിഡണ്ടു.

ടൌൺ പരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൦൯൭-ാം കർക്കടകം ൨൧-നു- ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ:—

മ. രാ. രാ.	പി. രാമകൃഷ്ണയ്യർ അവർകൾ, ബി. എ. പ്രസിഡണ്ടു.
,,	എസ്. കൃഷ്ണമൂർത്തി അയ്യർ അവർകൾ, ബി. എ., എം. ബി. സി. എം.
,,	വി. കെ. നാരായണനുണ്ണിത്താൻ അവർകൾ, എ. സി. ഇ
മിസ്റ്റർ	എം. ജോസഫ്.

൧. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകളിൽ ഇതുവരെ പ്രസിദ്ധപ്പെടുത്തിവന്ന സ്റ്റേറ്റുമെന്റുകളുടെ എണ്ണത്തെ കുറക്കയും അധികം എളുപ്പമുള്ള സ്റ്റേറ്റുമെന്റുകൾ പകരം ചേർക്കയും ചെയ്യണമെന്നു ഗവർമെന്റു നിശ്ചയിച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചും മേലിൽ അപ്രകാരം അയച്ചുതരണമെന്നു അപേക്ഷിച്ചും പൊളിററിക്കൽ ൯൦൧-ാം നമ്പരിൽ ഹജൂരിൽനിന്നു വന്ന ലെററർ വായിച്ചു.

ഇതിൽ വേണ്ടപോലെ ശ്രദ്ധവെക്കുന്നതാകുന്നു.

൨. ഭക്തിവിലാസത്തിൽ വേലചെയ്യുന്ന തോട്ടിക്കു സ്വന്തം ശമ്പളത്തിനുപുറമെ മാസം ഒന്നിനു ഒരു രൂപാ കൂട്ടുതൽ അനുവദിച്ചു ആഗസ്റ്റ ൩൧-നു ഹജൂരിൽനിന്നു അയച്ച ലെററർ വായിച്ചു.

റിക്കാർഡു ചെയ്തു

൩. ൧൦൯൬ ജൂലൈ ൨൬-നു യിലെ ഗവർമെന്റു ഗസെററിൽ ൧൨൧൩-ാം വശത്തു പ്രസിദ്ധപ്പെടുത്തിയ പരസ്യപ്രകാരം ൧൦൯൭-ാമാണ്ടിലേക്കു കൺസർവെൻസി വകക്കു കാളകളെ രക്ഷിക്കുന്നതിലേക്കു വയ്ക്കോൽ മുതലായ സാധനങ്ങൾ തയ്യാറാക്കി തരുന്നതിനുള്ള കുത്തക ലേലത്തിൽ വിററു. പാല്ക്കുളങ്ങര മണിയംവിളാകം പുരയിടത്തിൽ താമസിക്കുന്ന രാമൻ എന്ന ആൾക്കു വയ്ക്കോൽ കുത്തകയും ചാലയിൽ കച്ചവടം മാതേവൻ പരമേശ്വരൻ പരുത്തിക്കുരു കുത്തകയും ചാലിയിൽ കച്ചവടം പഴനിയാപിള്ളക്കു തവിട്ടു, കാണം, പുളിംകുരു ഇവയുടെ കുത്തകയും കൊടുക്കാൻ നിശ്ചയിച്ചു; ഇവരായിരുന്നു ഏററവും കുറഞ്ഞ തുകക്കു കുത്തക എടുത്തു.

൪. തന്റെ പുരയിടത്തിൽ ഒരു കക്കൂസുണ്ടാക്കി വൃത്തിയാക്കിവെക്കണമെന്നും നാരായണൻ പത്മനാഭനു നോട്ടീസയക്കാൻ ശിപാർശചെയ്തു ൩൪൭ാം നമ്പരിൽ ഹെൽത്താഫീസർ അയച്ച റിപ്പോർട്ട് വായിച്ചു.

ഇപ്രകാരം നോട്ടീസയക്കാൻ നിശ്ചയിച്ചു.

൫. കൊല്ലംകോട് റോഡിനു തന്റെ കൈവശമുള്ള പുരയിടത്തെ അടച്ചുകെട്ടി വൃത്തിയാക്കുന്നതിനു ചന്ദനാചലം പിള്ളക്ക നോട്ടീസയക്കാൻ ശിപാർശചെയ്തു ൧൪൩ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ട് വായിച്ചു.

അപ്രകാരം നോട്ടീസയക്കാൻ നിശ്ചയിച്ചു.

൬. ലൈസൻസു കൂടാതെ മൃഗങ്ങളെ കശാപ്പുചെയ്യുതിലെക്ക മെരിയൽ ഫർണാണ്ടീസിനെ പ്രാസിക്യൂട്ടുചെയ്യാൻ അനുവാദത്തിനപെക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ട് വായിച്ചു.

അനുവദിച്ചു.

൭. കമ്മിററി അയച്ചിരുന്ന നോട്ടീസിന്റെ സംഗതിക്കു മിസ്റ്റർ വൈദ്യനാഥയ്യർ എഴുതിയ സമാധാനം വായിച്ചു.

തന്റെ സ്കൂളിനു ചുററുമുള്ള മൈതാനവും കെട്ടിടത്തിന്റെ സ്ഥാനവും ഗവർമ്മെൻറിൽനിന്നു തനിക്കു പാട്ടത്തിനു കൊടുത്തിരിക്കയാണെന്നുള്ളതിലെക്ക പ്രമാണങ്ങൾ ഹാജരാക്കണമെന്നു മിസ്റ്റർ വൈദ്യനാഥയ്യർക്ക നോട്ടീസയക്കാൻ നിശ്ചയിച്ചു.

൮. കമ്മിററി അയച്ച നോട്ടീസിന്റെ സംഗതിക്കു സുബ്ബയ്യാപിള്ള എഴുതിയ സമാധാനം വായിച്ചു

മിസ്റ്റർ ജോസഫ അതു സ്ഥലം പരിശോധിച്ചു തന്റെ അഭിപ്രായം തെര്യപ്പെടുത്തണമെന്നു നിശ്ചയിച്ചു

൯. മെൽ ഉപയോഗത്തിനു കൊള്ളാതായിത്തീർന്ന ൩ കാളകളെ വിററു പുതിയ കാളകൾ വാങ്ങുന്നതിനു അനുവാദത്തിനു അപെക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു

ഗവർമ്മെൻറു ഗസററിൽ കാളകളെ ലെലം ചെയ്യുന്നതായി പരസ്യപ്പെടുത്താൻ നിശ്ചയിച്ചു

൧൦. മാതേവൻപിള്ള എന്നയാൾക്ക പുരയിടം വൃത്തിയാക്കിവെക്കുന്നതിനു നോട്ടീസയക്കാൻ ശിപാർശചെയ്തു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ട് വായിച്ചു

നോട്ടീസയക്കാൻ നിശ്ചയിച്ചു

൧൧. ഒരു കുടിയാനവന്റെ പെരിൽ ഒരു സ്ഥലം പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു തിരുവനന്തപുരം തഹശീൽദാർ ൩൪൭ാം നംബരിൽ എഴുതിയ റിപ്പോർട്ടും അതിന്മെൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടും വായിച്ചു

കുടികളുടെ പെരിൽ റിപ്പോർട്ടിൽ പറയുന്ന സ്ഥലം പതിച്ചുകൊടുക്കാൻ പാടില്ലെന്നു നിശ്ചയിച്ചു

൧൨. കുതപ്പെട്ടിക്കട റോഡിനു സമീപം തന്റെതുള്ള ഒരു കെട്ടിടത്തെ അററകുററം തീർക്കയൊ പൊളിച്ചുകളകയൊ ചെയ്യണമെന്നു കമ്മിററി അയച്ചിരുന്ന നോട്ടീസിനെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ആൾ അനുസരിച്ചിട്ടില്ലെന്നു പ്രസ്താവിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ട് വായിച്ചു

അയാളെ പ്രാസിക്യൂട്ടുചെയ്യാൻ നിശ്ചയിച്ചു

൧൩. റിപ്പോർട്ടിൽ പറയുന്ന കിണറു ഒരു കുടിയാനവനുള്ളതാണെങ്കിലും പൊതുജനങ്ങൾ ഉപയോഗിക്കപ്പെട്ടുവരുന്നതാണെന്നും, കിണററിന്മെൽ തൂങ്ങിയിരിക്കുന്ന വൃക്ഷശാഖകൾ മുറിച്ചുകളയെണ്ടതാണെന്നും പ്രസ്താവിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ട് വായിച്ചു

റിപ്പോർട്ടിൽ പറയുന്ന വൃക്ഷശാഖകളെ നീക്കണമെന്നു ഉടമസ്ഥനു നോട്ടീസയക്കാൻ നിശ്ചയിച്ചു

പി. രാമകൃഷ്ണയ്യർ
പ്രസിഡന്റു.

പട്ടണപരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൦൮൯ ആഗസ്റ്റ ൧൨-ം ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ.

മ. രാ. രാ. എസ്. കൃഷ്ണമൂർത്തിഅയ്യർ അവർകൾ ബി. എ. എം. ബി. സി. എം.
,, വി. കെ. നാരായണനുണ്ണിത്താനവർകൾ എ. സി. ഇ.
,, വി. എ. രാമകൃഷ്ണയ്യർ അവർകൾ ബി. എ. ബി. എൽ.
,, സി. രാഘവാചാരി അവർകൾ ബി. എ.
മിസ്റ്റർ എം. ജോസഫ്.

മിസ്റ്റർ എസ്. കൃഷ്ണമൂർത്തിഅയ്യർ അഗ്രാസനനാക്കപ്പെട്ടു.

൧. പുത്തൻചന്ത നാരായണ രാജുവിനു നൊട്ടീസയക്കാൻ റെഗുലെഷൻ ൩൪ാം വകുപ്പിൻപ്രകാരം അനുവദിച്ചു ഹജൂരിൽ നിന്നു ആഗസ്റ്റ ൬-ം അയച്ച ലെററ് വായിച്ചു.

ഇപ്രകാരം നൊട്ടീസയക്കണമെന്നും മിസ്റ്റർ കൃഷ്ണമൂർത്തിഅയ്യരും മിസ്റ്റർ നാരായണനുണ്ണിത്താനും ഒരു സബ്ബ കമ്മിററിയായി തീർന്നു ആ സ്ഥലം പരിശോധിച്ചു, അസ്തിവാരത്തെ മററു കെട്ടിടങ്ങളോടു ഒപ്പമാക്കുന്നതിലെക്കു എത്ര സ്ഥലം വെണമെന്നു നിശ്ചയിക്കണമെന്നും അതിലെക്കുള്ള പ്രതിഫല വിഷയത്തിൽ ദിവാൻപെഷ്കാർക്കു എഴുതണമെന്നും നിശ്ചയിച്ചു.

൨. ൧൦൭൧ ചിങ്ങം ൧൩- മുതല്ക്കു തെരുവിലെ കുപ്പകൾ സർക്കാർ എജൻസി മുഖാന്തിരം നീക്കിക്കളയുന്ന ഏർപ്പാടു സ്ഥിരപ്പെടുത്താൻ അനുവദിച്ചു ഹജൂരിൽ നിന്നു എഴുതിയ ലെററ് വായിച്ചു.

റിക്കാർഡു ചെയ്തു.

൩. വിറകുപുര തെരുവിൽ തൊട്ടികൾക്കും ചാലുകൾക്കും അററകുററം തീർക്കുന്നതിനെപ്പററി ചീഫ് ഇഞ്ചിനീയർ എഴുതിയ ലെററിൻെറ പകർപ്പ് അയച്ചുതന്നു ഹജൂരിൽ നിന്നു എഴുതിയ ലെററ് വായിച്ചു.

റിക്കാർഡു ചെയ്തു

൪. തങ്ങളുടെ വീടുകൾക്കു മുൻവശത്തു ചാലുകൾക്കു മീതെ ചെങ്കൽ കെട്ടു കെട്ടുന്നതിലെക്കു റിപ്പോർട്ടിൽ പറയുന്ന ആളുകളെ അനുവദിക്കാമെന്നു പ്രസ്താവിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടുകൾ വായിച്ചു.

അനുവദിക്കാമെന്നും കമ്മിററി മെമ്പരായ മിസ്റ്റർ നാരായണനുണ്ണിത്താൻെറ അഭിപ്രായം സ്വീകരിച്ചു അങ്ങനെ കെട്ടെണ്ടതാണെന്നു ഹർജിക്കാരൊടു ആജ്ഞാപിക്കെണ്ടതാണെന്നും നിശ്ചയിച്ചു.

൫. ആഡിററു പൊലീസു ഇൻസ്പെക്ടർ മിസ്റ്റർ ഗൊമസിനു ൩൦ാം വകുപ്പുപ്രകാരം കൊടുത്ത നൊട്ടീസു നടത്തി അയച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടും അതിലെക്കു കിട്ടിയ സമാധാനവും വായിച്ചു.

ജനങ്ങൾക്കു അസൗകര്യം കൂടാതെ ആ കെട്ടിടം പൂർവസ്ഥാനത്തു ഇരിക്കാവുന്നതാണൊ എന്നു ഹെൽത്താഫീസർ റിപ്പോർട്ടു ചെയ്യണമെന്നു നിശ്ചയിച്ചു

൬. തൈക്കാട്ടു സൈയിദുഷാഹാബുദ്ദീൻെറ വീട്ടിൽ നിന്നു വരുന്ന അഴുക്കുവെള്ളം ജനങ്ങൾക്കു ഉപദ്രവം ചെയ്യുന്നില്ലെന്നു പ്രസ്താവിച്ചു സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടും തങ്ങൾക്കുപദ്രവകരമായിരിക്കുന്നതായി വൈദ്യനാഥൻ മുതൽപെർ എഴുതിയ ഹർജിയും വായിച്ചു.

കമ്മീഷണരുടെ റിപ്പോർട്ടിലെ സംഗതികളാൽ ഇതിൽ കമ്മിററി പ്രവെശിക്കെണ്ടന്നു നിശ്ചയിച്ചു.

൭. കമ്മിററിയുടെ നൊട്ടീസു ലംഘിച്ചതിലെക്കു റിപ്പോർട്ടിൽ പറയുന്ന ആളുകളെ പ്രാസിക്യൂട്ടു ചെയ്‌വാനനുവാദത്തിനപെക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

(൬) പാറ്വതിലക്ഷ്മിക്ക പുതുതായി നൊട്ടീസു കൊടുക്കണമെന്നും ൧൫൦൧-ാം നമ്പ്ര റിപ്പൊർട്ടിൽ പറയുന്ന ആളെ പ്രൊസിക്യൂട്ട ചെയ്യണമെന്നും ൧൫൦൨-ാം നമ്പർ റിപ്പൊട്ടിൽ പറഞ്ഞിരിക്കുന്ന ആളുകളെ കമ്മിററിയുടെ നൊട്ടീസു ലംഘിച്ചതിലെക്ക പ്രൊസിക്യൂട്ട ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ പറയണമെന്ന അവക്ക നൊട്ടീസയക്കണമെന്നും നിശ്ചയിച്ചു.

൭. ടൌണിൽ ഉള്ള കുളങ്ങൾ കിണറുകൾ ഊററുകൾ മുതലായവയുടെ വക്ക ഒരു ലിസ്റ്റയച്ചും കെമിക്കൽ എക്സാമിനറിന്ന മാതൃകക്കായി വെള്ളം അയക്കുന്നതിന്ന മൂന്ന ഡസൻ കുപ്പിയൊ അതു വാങ്ങുന്നതിലെക്കായി ൫൦ ഉറുപ്പികയൊ കിട്ടുന്നതിലെക്ക അപെക്ഷിച്ചും ഹെൽത്താഫീസർ എഴുതിയ റിപ്പൊർട്ടിനെ വായിച്ചു,

ഈ സംഖ്യ അനുവദിക്കുകയും അതലെക്കുള്ള ചിലവു ൧൮൯൮-ാമാണ്ടത്തെ ബഡ്ജറ്റിൽ നിന്ന നിർവഹിക്കയും ചെയ്യാൻ നിശ്ചയിച്ചു.

൮. സാനിട്ടെറി കമ്മീഷണർ ൧൮൯൬-ാം നമ്പർ ലററിൽ അപെക്ഷിച്ചപ്രകാരം ഹെൽത്താഫീസർ തന്റെ കീഴിൽ ഇപ്പൊൾ ഉള്ള ജീവനക്കാരെയും ദിവസംതൊറും ഉള്ള ജൊലികളുടെ ദൂരക്കണക്കിനെയും വിവരം അയച്ച ഹെൽത്താഫീസർ എഴുതിയ റിപ്പൊർട്ട വായിച്ചു.

ഈ റിപ്പൊർട്ട സാനിട്ടെറികമ്മീഷണരുടെ അഭിപ്രായത്തിന്നായി അയച്ചുകൊടുക്കാൻ നിശ്ചയിച്ചു.

൯. ചെമ്പുകണ്ണിപ്പുരക്ക സമീപം ഗൊസായി സത്രത്തിന്ന ഒരു കക്കൂസ കെട്ടുന്നതിന്ന ശിപാർശചെയ്തു ഹെൽത്താഫീസർ എഴുതിയ റിപ്പൊർട്ട വായിച്ചു

ടി സത്രത്തിൽ അതിലെക്ക ഏർപ്പാട ചെയ്യുന്നതിന്ന ട്രസ്റ്റികളൊട അപെക്ഷിക്കാൻ നിശ്ചയിച്ചു.

൧൦. ജില്ലാകൊട്ട സ്ഥലത്തു നിന്ന ചെട്ടികുളത്തിലെക്ക ഒരുചാൽ കെട്ടുന്നതിനും റിപ്പൊർട്ടിൽ പറയുന്ന കക്കൂസുകളെ നീക്കുന്നതിലെക്കും അതാതു ആളുകൾക്ക നൊട്ടീസയക്കുന്നതിനും ശിപാർശ ചെയ്തു ഹെൽത്താഫീസർ എഴുതിയ റിപ്പൊർട്ട വായിച്ചു.

ചാലു കെട്ടുന്ന വക്ക ഇഞ്ചിനീയർ ഡിപ്പാർട്ടമെണ്ടിലെക്ക എഴുതാനും കക്കൂസുകൾ നീക്കുന്നതിലെക്ക അതാതു ആളുകൾക്ക നൊട്ടീസയക്കാനും നിശ്ചയിച്ചു.

എസ്സ് കൃഷ്ണമൂർത്തിഅയ്യർ,
അഗ്രാസനൻ.

പട്ടണപരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൦൮൮ മിഥുനം ൩൧-ാം വെള്ളിയാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ.

മ. രാ. രാ. പി. രാമകൃഷ്ണയ്യർ അവർകൾ ബി. എ. പ്രെസിഡണ്ടു.

,, വി. എ. രാമകൃഷ്ണയ്യർ അവർകൾ ബി. എ., ബി. എൽ.

,, സി. രാഘവാചാരി അവർകൾ ബി. എ.

,, വി. കെ. നാരായണൻ ഉണ്ണിത്താൻ അവർകൾ എ. സി. ഇ.

മിസ്റ്റർ മഹമ്മതു ഹാജി ക്ലറിസ്സ്ശെട്ടു.

൧. താഴെ പറയുന്ന ഹജൂർ ലെററുകൾ വായിച്ചു റിക്കാർഡു ചെയ്തു; അവയിലടങ്ങിയ വിഷയങ്ങളിൽ നടപടി ചെയ്യപ്പെട്ടിട്ടുണ്ടു.

(൧) സ്ട്രൿനൈൻ എന്ന വിഷദ്രവ്യത്താൽ അലഞ്ഞു നടക്കുന്ന പട്ടികളെ കൊല്ലുന്നതിനെപ്പററി ൧൦൮൮ V S ൧൭൯൩-ാം നമ്പരിൽ ഉണ്ടായ ഗവർമ്മെന്റു പ്രൊസീഡിംഗ്സിന്റെ പകൎപ്പു അയച്ചു V S. ൧൭൯൩-ാം നമ്പരിൽ ഹജൂരിൽ നിന്നു വന്ന ലെററർ,

(൨) ഹെൽത്താഫീസർ മിസ്റ്റർ ബി. കൃഷ്ണറാവുവിനു മുമ്പു കൊടുത്ത ൧൨ മാസത്തെ സിക്ക്‌ലീവിനോടു തുടൎന്ന് ആറു മാസത്തെ സിക്ക്‌ലീവുകൂടി കൊടുക്കയും, മിസ്റ്റർ കൃഷ്ണറാവു ഹാജരില്ലാതിരിക്കുന്ന കാലത്തു ഇപ്പോഴത്തെ ആക്ടിംഗ് ഏൎപ്പാടുകൾ മേലും വച്ചുകൊണ്ടിരിക്കുന്നതിനും അനുവദിച്ചു V. S ൧൨൭൯-ാം നമ്പരിൽ ഹജൂരിൽനിന്നയച്ച ലെററർ

൨. വീട്ടുകക്കൂസു ശുചീകരണം ലോക്കൽ ഫണ്ടുമായി നടക്കുന്നതിലേക്കു കൊട്ടയ്ക്കുകളും കൂടകളും ഉണ്ടാക്കുന്ന വകക്കു രണ്ടായിരം (൨൦൦൦) രൂപ പ്രത്യേകമായി അനുവദിച്ചു V S. ൧൨൦൭-ാം നമ്പരിൽ ഹജൂരിൽ നിന്നയച്ച ലെററർ വായിച്ചു.

൧൦൮൭-ാമാണ്ടത്തെ ൩-ാം റെഗുലെഷനിൽ ചേൎത്തിട്ടുള്ള ചട്ടങ്ങൾക്കു വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അനുസരിച്ചു കൂടകൾ ലഭിക്കണമെന്നു നിശ്ചയിച്ചു.

൩. വടക്കെ കൊട്ടാരത്തിനു സമീപം, തെൻകെ പള്ളിക്കൂടത്തിനു തെക്കു പടിഞ്ഞാറായുള്ള സൎക്കാർ കെട്ടിടത്തെ സ്പെഷ്യൽ അസിസ്റ്റന്റു സാനിട്ടേറി ഇൻസ്പെക്ടരുടെ ആഫീസായി ഉപയോഗിക്കുന്നതിൽ തനിക്കു വിരോധം ഉള്ളതിനെപ്പററി പ്രസ്താവിച്ചും അതിലെ ഒരു മററു വല്ല ഏൎപ്പാടുകളും ചെയ്താൽ കൊള്ളാമെന്നപേക്ഷിച്ചും, മിസ് എന്. എം. കാൿസ് എഴുതിയ ഒരു ലെററർ അയച്ചുതന്നു, M ൫൯൧-ാം നമ്പരിൽ ഹജൂരിൽ നിന്നയച്ച ലെററർ വായിച്ചു

ഹജൂർ ലെററരിൽ പറയുംപോലെ, മററു വല്ല ഏൎപ്പാടുകളും ചെയ്യാൻ മാൎഗ്ഗമുണ്ടെങ്കിൽ അതെന്താണെന്നു അഭിപ്രായം പറയുന്നതിനു ഹെൽത്താഫീസരോടു ചോദിപ്പാൻ നിശ്ചയിച്ചു.

൪. പീപ്പയുള്ള വണ്ടിയിൽ മണ്ണെണ്ണ ചില്ലറയായി വില്ക്കുന്ന ഏൎപ്പാടു, മദ്രാസു, ബോംബെ, കൽക്കത്താ മുതലായ സ്ഥലങ്ങളിലെന്നപോലെ, ഈ പട്ടണത്തിലും വളരെ സഹായമായ നിരക്കിനു നടത്തുന്ന കാൎയ്യത്തിൽ വിവരം അറിയണമെന്നാവശ്യപ്പെട്ടു ഏറണാകുളത്തും ആലപ്പുഴയിലും കമ്മിഷൻ ഏജൻറായ മിസ്റ്റർ എൻ. ആർ. മഹാദേവയ്യർ എഴുതിയ അപേക്ഷയും, അതിന്മേൽ ഹെൽത്താഫീസർ എഴുതിയ റിപ്പോൎട്ടും വായിച്ചു,

അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരം മതിയാകായ്കയാൽ ആവശ്യമുള്ള വിവരങ്ങൾ വിസ്തരിച്ചെഴുതണമെന്നു മിസ്റ്റർ മഹാദേവയ്യരോടപേക്ഷിക്കാൻ നിശ്ചയിച്ചു.

൫. റിപ്പോൎട്ടിൽ പറഞ്ഞിരിക്കുന്ന തോട്ടിക്കു അവന്റെ സ്വന്തം ജോലിക്കു പുറമെ, ൧൦൮൭ മകരം മുതൽ അവന്റെ ഒഴിവുകാലത്തിലും സ്കാവെഞ്ചിങ്ങ് വേല ചെയ്തതിലേക്കായി ഇപ്പോഴത്തെ ശമ്പളത്തിനു പുറമെ മാസം ഒന്നിനു ഒരു രൂപാവീതം കൊടുക്കേണ്ടതാണെന്നും ആ ചിലവു ഈ ഡിപ്പാൎട്ടുമെൻറിൽ നിന്നു നിവൎത്തിക്കേണ്ടതാണെന്നും പ്രസ്താവിച്ചു ൧൨൨൯-ാം നമ്പരിൽ ഹെൽത്താഫീസർ അയച്ച റിപ്പോൎട്ടു വായിച്ചു.

അനുവദിച്ചു

൬. ലൈസൻസു കൂടാതെ മൃഗങ്ങളെ കശാപ്പു ചെയ്തതിനു കുന്നുകുഴിയിൽ വാറുവിളാകം വീട്ടിൽ പീററർ ഫെർനാംഡീസിനെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദത്തിനപേക്ഷിച്ചു ൧൨൭൧-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോൎട്ടു വായിച്ചു

പ്രാസിക്യൂട്ടു ചെയ്യാൻ അനുവദിച്ചു.

൭. ലൈസൻസു കൂടാതെ മാംസം വിററതിലേക്കു റിപ്പോൎട്ടിൽ പേർപറയുന്നാളെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദത്തിനു അപേക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ ൩ റിപ്പോൎട്ടുകൾ വായിച്ചു.

പ്രാസിക്യൂട്ടു ചെയ്യാൻ അനുവദിച്ചു.

വ്യ ജനങ്ങൾക്കു ഉപദ്രവം ഉണ്ടാകത്തക്ക വിധത്തിൽ തെരുവീഥിയിൽ അഴുക്കുവെള്ളം പായിക്കുന്നതിനു റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവർക്കു നോട്ടീസയക്കാൻ ശിപാർശ ചെയ്തു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടുകൾ വായിച്ചു.

ആ പ്രകാരം നോട്ടീസയക്കാൻ നിശ്ചയിച്ചു.

ൻ റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവർ കമ്മിറ്റിയുടെ നോട്ടീസിനെ ലംഘിച്ചിരിക്കുന്നതായി പ്രസ്താവിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടുകൾ വായിച്ചു.

അവരെ പ്രാസിക്യൂട്ടു ചെയ്യാൻ നിശ്ചയിച്ചു.

൫൮ റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവരെ ലൈസൻസു കൂടാതെ തോൽകച്ചവടം ചെയ്തതിനു പ്രാസിക്യൂട്ടു ചെയ്യാൻ അനുവാദത്തിനപേക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

പ്രാസിക്യൂട്ടു ചെയ്യാൻ അനുവദിച്ചു

൫൯ അലഞ്ഞുനടക്കുന്ന പട്ടികളെ സ്ട്രിക്കിനയിൻ ഇട്ടു കൊല്ലുന്ന വകക്കു മാംസം വാങ്ങുന്നതിലേക്കു ൫൦ രൂപാ ചിലവു ചെയ്യുന്നതിനപേക്ഷിച്ചു ൬൦൫-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു.

തന്നാണ്ടത്തെ ബഡ്ജറ്റിലെ ബാക്കിയിൽ നിന്നു ഈ തുക അനുവദിക്കുന്നതിനു ഗവൺമെന്റിനോടപേക്ഷിക്കാൻ നിശ്ചയിച്ചു.

൬൦ ലൈസൻസു കൂടാതെ തെരുവു വീഥികളെ സ്വന്തം കാര്യത്തിനായി ഉപയോഗിച്ചതിലേക്കു റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവരെ പ്രാസിക്യൂട്ടുചെയ്യാൻ അനുവാദത്തിനപേക്ഷിച്ചും അവരിൽ നിന്നും ഈടാകാനുള്ള ഫീസ് താലൂക്കു അധികാരസ്ഥന്മാർ മുഖാന്തിരം ഈടാക്കുന്നതിനു വേണ്ട നടപടികൾ ചെയ്യുന്നതിനു അപേക്ഷിച്ചും ഹെൽത്താഫീസർ എഴുതിയ ൯ റിപ്പോർട്ടുകൾ വായിച്ചു

അവരെ പ്രാസിക്യൂട്ടു ചെയ്വാനും അവരിൽ നിന്നും ഈടാകാനുള്ള ഫീസ് ഈടാക്കുന്നതിലേക്കു തിരുവനന്തപുരം തഹശീൽദാരോടു അപേക്ഷിക്കാനും നിശ്ചയിച്ചു.

൬൧ പട്ടണപരിഷ്കരണ റിഗുലേഷൻ ൩൫-ാം വകുപ്പിനു വിരോധമായി നാരായണരാജു എന്നൊരാൾ പുത്തൻചന്തയിൽ ഒരു കെട്ടിടം കെട്ടിയതിനെ സംബന്ധിച്ചു ൬൪൨-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു

ആ വേല നിറുത്തി വയ്ക്കുന്നതിനു നാരായണരാജുവിനു നോട്ടീസയക്കണമെന്നും റെഗുലേഷൻ ൩൫-ാം വകുപ്പനുസരിച്ചു ആ കെട്ടിടത്തിന്റെ അസ്ഥിവാരത്തെ അടുത്ത കെട്ടിടങ്ങളോടു ഒപ്പമാക്കുന്നതിലേക്കു പിന്‍പിലോട്ടു നീക്കുന്നതിലേക്കു വേണ്ട നടപടികൾ ചെയ്യുന്നതിനു ഗവൺമെന്റിൽ നിന്നു അനുവാദം വാങ്ങണമെന്നും നിശ്ചയിച്ചു.

൬൨ ലൈസൻസു കൂടാതെ തെരുവു വീഥിയെ തനതാവശ്യത്തിനു ഉപയോഗിച്ചതിലേക്കു റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവരെ പ്രാസിക്യൂട്ടു ചെയ്യാൻ അനുവാദത്തിനപേക്ഷിച്ചു ൬൪൭-ാം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോർട്ടു വായിച്ചു

ലൈസൻസു കൂടാതെ വീടു കെട്ടുന്നതിലേക്കുള്ള സാമാനം റോഡിൽ ഇട്ടു വച്ചിരുന്നതിലേക്കു കണ്ട്രാക്ടർ നാരായണമേസ്തിരിയെ പ്രാസിക്യൂട്ടു ചെയ്യണമെന്നും അങ്ങനെ ഉപയോഗിച്ച കാലത്തേക്കുള്ള ലൈസൻസു ഫീസു താലൂക്കു അധികാരസ്ഥന്മാർ മുഖാന്തിരം അയാളിൽ നിന്നു ഈടാക്കണമെന്നും നിശ്ചയിച്ചു

൬൩ ലൈസൻസു കൂടാതെ മത്സ്യം വിറ്റതിലേക്കു പേർ പറഞ്ഞിരിക്കുന്ന ആളെ പ്രാസിക്യൂട്ടു ചെയ്യാൻ അനുവാദത്തിനപേക്ഷിച്ചു ഹെൽത്താഫീസർ ൬൫൦-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടു വായിച്ചു

പ്രാസിക്യൂട്ടുചെയ്യാൻ അനുവദിച്ചു.

൬൪ റിപ്പോർട്ടിൽ പേരു പറഞ്ഞിരിക്കുന്നവർ തങ്ങളുടെ പുരയിടം അടച്ചുകെട്ടി വൃത്തിയാക്കേണ്ടതാണെന്നു അവർക്കു നോട്ടീസയക്കാൻ ശിപാർശ ചെയ്തു ഹെൽത്താഫീസർ എഴുതിയ രണ്ടു റിപ്പോർട്ടുകൾ വായിച്ചു.

ആ പ്രകാരം നോട്ടീസയക്കാൻ നിശ്ചയിച്ചു.

പി രാമകൃഷ്ണയ്യർ,
പ്രസിഡണ്ടു.

TRAVANCORE
GOVERNMENT GAZETTE
SUPPLEMENT

Tuesday,
10th October, 1905.

Forest Sheet No. 35.

Erratum.

In the Conservator's Office notice dated, 28th Audi 1080/12th August 1905, regarding the measurement of timber, according to the English linear feet and inches, published in Forest sheet No. 33 page 10 of Government Gazette dated 11th Purattasi 1081/26th September 1905.

Insert "squared" after "¼ girth" in the last line.

Conservator's Office,
Quilon,
18th Purattasy, 1081
3rd October, 1905

T. PONNAMBALAM PILLAI,
Ag. Conservator of Forests.

൧൦൮൧ പുരട്ടാശി ൧൧-ാം൹ ൧൯൦൫ സപ്തംബർ ൨൬-ലെ ഗവൺമെണ്ടു ഗസററിൽ ൩൩-ാം നമ്പർ ഫാറസ്റ്റുഷീററിന്റെ ൧൦-ാം വശത്തു കൺസർവെററാപ്പീസിൽനിന്നും ൧൦൮൦ ആടി ൨൮-ാം൹ ൧൯൦൫ ആഗസ്റ്റു ൧൨-ാം തീ അളക്കുന്നതു ഇംഗ്ലീഷു ജാതിനാടിയും ഇഞ്ചും അനുസരിച്ചായിരിക്കണമെന്നുള്ളതിനെപ്പററി ചെയ്തിട്ടുള്ള മലയാള പരസ്യത്തിന്റെ ഒടുവിലത്തെ വരിയിൽ "നീളത്തെ വണ്ണത്തിന്റെ കാൽ ഭാഗം കൊണ്ടു എന്നുള്ളതിനു പകരം,, ചുററളവിന്റെ നാലിൽ ഒന്നിനെ തന്നെത്താൻ പെരുക്കി അതിനെ നീളംകൊണ്ടു" എന്നു ചേർക്കണം.

കൺസർവെററാപ്പീസ
കൊല്ലം
൧൮-൨-൮൧
൩-൧൦-൦൫

ററി. പൊന്നമ്പലംപിള്ള
ആ. കൺസർവെററർ.

Notice.

Tenders are hereby invited for the collection and disposal of bamboos from the Forests of Kadakkal and Anchel Ranges during 1081 M. E.

2. Tenders should be sent for each Range separately in sealed covers and superscribed "Tender for the collection and consumption of Bamboos from the Forests of the Kadakkal or Anchel Ranges" as the case may be, and should reach the undersigned on or before 7th Alpasi, 1081 / 23rd October, 1905, after which date no tender will be accepted.

3. Each tender should be accompanied by a sum of B. Rs. 20 as earnest money without which no notice will be taken of the tender.

4. Tenders should state clearly the rates the tenderers are prepared to pay for every 100 bamboos removed.

5 All tenders will be opened by the undersigned in the Divisional Office at Anchel at 1 P. M. on 8th Alpasi, 1081 / 24th October, 1905, in the presence of such of the tenderers as may choose to be present.

6. The highest tender for each will be accepted subject to the approval of the Conservator of Forests provided the character and financial status of the tenderers be found satisfactory; but the undersigned reserves to himself the right of accepting or rejecting any tender without assigning any reason.

7. The earnest money of the unsuccessful tenderers will be returned to them directly their tenders have been disposed of; while that of the successful tenderers will be credited towards part of the security to be deposited by them for the due fulfilment of their contract.

8. The successful tenderers will have to enter into an agreement within 10 days after the acceptance of his tender by the Conservator of Forests.

9. Should the successful tenderers fail to act according to the terms laid down in paras 7 and 8 their earnest money will be credited to Government and they will be held responsible to any loss Government might sustain by calling tenders a second time, but will not be entitled to any gain resulting from the second sale.

10. No bamboos shall be exported to the British frontier *via* Shenkottah.

11. Further information can be had from the Office of the undersigned.

Note. To persons requiring bamboos for *bona fide* domestic or agricultural purposes passes will be issued as at present for limited number on payment of the prescribed seigniorage.

Puliyara,
30th Avany, 1081.

T. S. VENUGOPALA AIYAR,
Divisional Forest Officer

കൊല്ലം ഡിവിഷനൽ ഫാറസ്റ്റാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കടയ്ക്കൽ, അഞ്ചൽ ഈ റെഞ്ചുകളിൽ ഉള്ള മലകളിൽ നിന്നും ൧൦൯൧ ആണ്ടത്തേക്ക മുളകൾ വെട്ടി ശേഖരിച്ചു കൊണ്ടുപോകുന്നതിനു മനസ്സുള്ളവർ ദർഖാസ്തു ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

൧. ദർഖാസ്തുകൾ ഓരോ റെഞ്ചിലേക്ക പ്രത്യേകമായും മുദ്രവച്ച കവറിൽ അടക്കം ചെയ്തും കടയ്ക്കൽ അല്ലെങ്കിൽ അഞ്ചൽ റെഞ്ചിലുള്ള മലകളിൽ നിന്നും മുളകളെ വെട്ടിശേഖരിച്ചു കൊണ്ടുപോകുന്നതിനുള്ള ദർഖാസ്തു" എന്ന കവറിന്റെ പുറത്തെഴുതി കൊല്ലം ഡിവിഷൻ ഫാറസ്റ്റാപ്പീസിൽ ൧൦൯൧ അല്പശിമാസം ൧൧-ക്കു ൧൯൧൫ അക്ടോബർമാസം ൨൮-നു-യൊ അതിനു മുമ്പൊ കിട്ടത്തക്കവണ്ണം അയക്കപ്പെടേണ്ടതും ഈ തീയതി കഴിഞ്ഞു കിട്ടുന്ന ദർഖാസ്തുകളെ സ്വീകരിക്കുന്നതല്ലാത്തതുമാകുന്നു.

൨. ഓരൊ ദർഖാസ്തു സഹിതം ൨൦ ബ്രി. രൂപാ നിരതദ്രവ്യം അയക്കെണ്ടതും ആയതിനെ നിരതദ്രവ്യം കൂടാതെ വരുന്ന ദർഖാസ്തുകളെ പററി ഗൌനിക്കുന്നതല്ലാത്തതുമാകുന്നു.

൩. ൧൦൦ മുളക്ക എന്തു റെററ വച്ചു വെട്ടി എടുത്തുകൊള്ളാമെന്നുള്ള വിവരം ദർഖാസ്തിൽ പ്രത്യേകം കാണിച്ചിരിക്കണം.

൪. ഇപ്രകാരം വരുന്ന ദർഖാസ്തുകളെ അപ്പോൾ ഹാജരുള്ള ദർഖാസ്തുകാരുടെ മുമ്പെ വച്ചു അഞ്ചൽ ഡിവിഷൻ ഫാറസ്റ്റാപ്പീസിൽ ൧൯൧൫ അക്ടോബർ ൨൮-ക്കു ൧൦൯൧ അല്പശി ൧൧-നു ഉച്ചമണിക്ക തുറക്കപ്പെടുന്നതാകുന്നു.

൫. ഓരൊ റെഞ്ചിലെക്ക ഏററവും കൂടുതൽ തുകക്ക ബോധിപ്പിച്ചിട്ടുള്ള ദർഖാസ്തുകാർ നല്ല നടത്തക്കാരും ഗൃഹസ്ഥന്മാരുമാണെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം അവരുടെ ദർഖാസ്തിനെ കൺസർവെററർ അവർകളുടെ അനുവാദത്തിന്മേൽ സ്വീകരിക്കുന്നതും എന്നാൽ യാതൊരു കാരണവും പറയാതെ ഏതെങ്കിലും ദർഖാസ്തിനെ സ്വീകരിക്കയൊ നിഷേധിക്കയൊ ചെയ്യുന്നതിനുള്ള അധികാരം ഡിവിഷൻ ഫാറസ്റ്റാപ്പീസരിൽ സ്ഥിതിചെയ്യുന്നതുമാകുന്നു.

൬. സ്വീകരിക്കപ്പെടാത്ത ദർഖാസ്തുകാരുടെ നിരതദ്രവ്യം ഉടൻ തിരിച്ചു കൊടുക്കുന്നതും സ്വീകരിക്കപ്പെട്ട ദർഖാസ്തുകാരുടെ നിരതദ്രവ്യം അവർ ഉടമ്പടി ശരിയായി നടത്തുമെന്നുള്ള ഉറപ്പിനുവെണ്ടി കെട്ടിവെക്കേണ്ട ഡെപ്പോസിററിന്റെ അംശമായി മുതൽ വെക്കുന്നതുമാകുന്നു.

൭. സ്വീകരിക്കപ്പെട്ട ദർഖാസ്തുകാർ കൺസർവെററർ അവർകളാൽ ദർഖാസ്തു സ്വീകരിക്കപ്പെട്ട ൧൦ ദിവസത്തിനകം ഒരു ഉടമ്പടി എഴുതി വെക്കേണ്ടതാകുന്നു.

൮. സ്വീകരിക്കപ്പെട്ട ദർഖാസ്തുകാർ മെൽ പറയപ്പെട്ട ൬-ം ൭-ം വകുപ്പുകളിൽ വിവരിച്ചിരിക്കുന്നതുപോലെ നടത്താത്തപക്ഷം അവർ കെട്ടിയിട്ടുള്ള നിരതദ്രവ്യം ഗവർമ്മെന്റിലെക്ക മുതൽ കൂട്ടുന്നതും രണ്ടാമതു ലേലം ചെയ്യുന്നതിൽ വച്ചു ഗവർമ്മെന്റിലെക്ക വല്ല നഷ്ടവും സംഭവിച്ചാൽ ആയതു ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണു എന്നാൽ രണ്ടാമതു ലേലം ചെയ്യുന്നതിൽവച്ചു ഉണ്ടാകുന്ന ലാഭത്തിനു ആദ്യ ലേലക്കാരനു അവകാശമില്ലാത്തതുമാകുന്നു.

൯. മുളകളെ ചെങ്കോട്ടവഴി ബ്രിട്ടീഷിലെക്ക ഇറക്കുമതി ചെയ്യരുതാത്തതാകുന്നു.

൧൦. ആവശ്യമുള്ള വിവരങ്ങൾ ഈ ആപ്പീസിൽ നിന്നും ഗ്രഹിക്കാവുന്നതാണു.

നോട്ടു — വാസ്തവമായ ഗൃഹംപണി കൃഷിസംബന്ധിച്ച കാര്യങ്ങളിൽ ക്ലിപ്തപ്പെട്ട സംഖ്യക്ക മുളകൾക്ക ഇപ്പോൾ നടന്നുവരുന്നതുപോലെ കുററിക്കാണം കെട്ടിയാൽ പാസ്സു തരുന്നതാണു.

ഡെപ്യൂഷൻ പുളിയറ
തീയതി ൧൦൯൧ ആവണി ൩൦-നു

ററി. എസ. വെണുഗോപാലയ്യർ,
ഡിവിഷനൽ ഫാറസ്റ്റാപ്പീസർ.

Trivandrum Observatory Notices.

Meteorological Observations. From 2nd to 8th October, 1905.	Monday 2nd Oct. 1905.	Tues. 3rd Do.	Wed. 4th Do.	Thurs 5th Do.	Friday. 6th Do.	Sat 7th Do.	Sun. 8th Do.	Total fall of rain. During the week.	Total fall of rain. From 1st Jan. 1905
	inch.	inch.	inch.	inch.	inch.	inch.	inch.	inches.	inches.
Reduced Atmospheric Pressure Maximum 9 A. M.	29 732	29 747	29·732	29 774	29 739	29 721	—		
Id. Id. Minimum 3 P. M.	636	·606	·624	·634	605	·598	—		
Temperature of Air 6 A. M.	76°8	77°2	75°6	75°2	77°6	76°6	—		
Id. Id. 0 P. M.	88 4	84 6	89 0	85 8	82 8	82 9	—		
Id. of Evaporation 6 A. M.	73·9	74·9	73 5	73·1	75 4	74 7	—		
Id. Id. 0 P. M.	78·7	77·9	79 5	76 6	78 1	78 0	—		
Depth of Rain in inches (read at 8 A. M.)	0·07	0 03	0·14	1·32	0 09	0 22	0 95	2·82	67 61
Daily Velocity of wind in miles..........	94 6	88·0	94 6	143·6	39 5	46 5	48·6		
Mean Humidity	95	·95	93	94	·95	96	—		
* Proportion of sky clouded (whole sky=10 0)......	9 2	10 0	7 6	10·3	10·0	10 0	—		
Daily amount of Evaporation in the shade in inches.	·037	·027	·028	·034	012	·040	·020		

* Mean of 5 Observations made in the day time.


P. VALOO PILLAI,
Head Assistant,
In charge.

		1080.	1081.
		Inches.	Inches.
Rainfall from 15th of Edavom to the end of Karkadagom (1079 and 1080)	...	33·57	34·16
Do. from 1st of Chingom to the 22nd of Kanni	...	4 11	7·44
Do. on the 23rd Do.	...	000	0·95
	Total........	37 68	42·55

Observatory Time Notice

The flash of the noon-day gun has been noted as follows in Trivandrum Mean Time.

			h.	m.	s.
1905, October	2nd	...	12	0	0
"	3rd	...	12	0	0
"	4th	...	12	0	0
"	5th	...	12	0	0
"	6th	...	12	0	0
"	7th	...	12	0	0



CALENDAR.

പഞ്ചാംഗം

൧൯൦൫ ഒക്ടോബർ തീയതി	൧൦൮൧ കന്നി തീയതി	ആഴ്ച	നക്ഷത്രം		തിഥി		വിശേഷ ദിവസങ്ങൾ
൧൦	൨൪	ചൊ	ചി	൨൫=	ഏകാ	൧൭॥=	൧൦-ന് പ്രദോഷവ്രതം
൧൧	൨൫	ബു	ചു	൨൯=	ത്ര	൧൭।=	
൧൨	൨൬	വ്യ	ഉ	൩൩॥=	ച	൨൦॥=	
൧൩	൨൭	ശു	രെ	൩൫।	☺	൨൫=	൧൩-ന് പൌർണ്ണമാസി ഒരിയ്ക്കൽ
൧൪	൨൮	ശ	അ	൪൭॥=	പ്ര	൨൮॥=	
൧൫	൨൯	ഞാ	ഭ	൫൦॥	ദ്വി	൩൪॥=	
൧൬	൩൦	തി	കാ	൫൩।=	തൃ	൩൮=	

PRICE LIST.

൧൦൮൧-ാമാണ്ടു കന്നിമാസം ൨൪-നു മുതൽ ൩൦-നു വരെയുള്ള
തിരുവനന്തപുരത്തു കമ്പോളത്തിലെ നിരക്ക

ഇന വിവരം	ഇത്രക്കു എന്ത	വില പണം
നെല്ലു ഒന്നാം തരം	പറ ഒന്നുക്കു	൬॥ ഒരുകാശു കാണി
ടി രണ്ടാം തരം	ടി	൬। =
ബങ്കാളം റാടി വെള്ള അരി	ടി	൧൦
മുതിര	ടി	൭॥= അരമാകാണി
ഉഴുന്ന	ടി	൮॥=
ചെറുപയറ	ടി	൧൨।= മുക്കാമാകാണി
എള്ള	ടി	൧൨।=॥–
കോതമ്പു	ടി	൧൧। = ।
നല്ലെണ്ണ	ടി	൭൫
വെളിച്ചെണ്ണ	ടി	൭൦
തേങ്ങാ	നൂറുക്കു	൧൮=॥=
ചുക്കു ഒന്നാം തരം	തുലാം ഒന്നുക്കു	൩൧॥ മുക്കാമാകാണി
ടി രണ്ടാം തരം	ടി	൭൭ മുക്കാമാകാണി
നാകം	ടി	൧൮
കാരീയം	ടി	൧൩। –കാമകാണി
വെള്ളീയം	ടി	൧൨൪। അരമാകാണി
ഇരുമ്പു ഒന്നാം തരം	ടി	൯–കാമാകാണി
ടി രണ്ടാം തരം	ടി	൭॥ =

SEASON REPORT

FOR THE WEEK ENDING 1ST OCTOBER, 1905.

Water supply, pasturage sufficient—Condition cattle good—Public health satisfactory—Transplanting still going on—Yield of crop normal—Price 7·57 seers per Rupee Week's rainfall ·01

൧൯൦൫ ഒക്ടോബർ ൧-നു-യൊടുകൂടി അവസാനിക്കുന്ന ആഴ്ചവട്ടത്തിലെ കാലാവസ്ഥ റിപ്പോർട്ട്.

വെള്ളവും പുല്ലും ധാരാളം. കന്നുകാലികളുടെ സ്ഥിതി നന്നു. ഞാറു പിഴുതു നട്ടുവരുന്നു വിളവു സാമാന്യം അരിവില രൂപായ്ക്കു ൭.൫൭ ശേർ. ആഴ്ചവട്ടത്തിലെ മഴ .൦൧

Terms of subscription to the Government Gazette

In the case of Proverthicars and other Public Servants drawing less than Rs. 25 a month
- For one year.......... 2 British Rupees.
- For one month. ....5 Chuckrams.
- Single copy............. 2½ Chuckrams.

In the case of landholders and all others—
- For one year.. .. .. .. 4 British Rupees.
- For one month. . .... 10 Chuckrams.
- Single copy.. .. ..4 Chuckrams.

Postage to be added if the Gazette is to be sent by British Post.

The subscription is payable strictly in advance, and payment by instalments or by deductions from pay, will not hereafter be allowed.

The rates of subscription for single copies and by the month refer only to ordinary issues of the Gazette and do not apply to issues containing lengthy legislative enactments.

Charges for Advertisements

	Rs.	Ch.	C.
Per column line, 1st insertion	,,	1	12
Do. subsequent insertions	,,	1	8
For a full page of 50 lines 1st insertion ...	5	,,	,,
Do. Do. subsequent insertions.	4	,,	,,

Tabular work will be charged according to the nature of work.

The above rates are for Pica type in English and Tamil and Malayalam type cast on English body.

NOTICE.

Notice is hereby given that all papers for publication in the Travancore Government Gazette should be sent in a correct form and in diglott wherever necessary, plainly and legibly written on one side of the paper only so as to reach the Huzur Gazette Department not later than the Friday previous to the issue of the Gazette in which they are meant to be published.

Lengthy papers should be sent even earlier and in sufficient time.

Notice.

It is hereby notified for general information that all communications relating to the Government Gazette and remittances for the same should be addressed to the Officer in charge of the Government Gazette, Huzur Cutcherry, Trivandrum.

A. J. VIEYRA,

Chief Secretary to Government.

Huzur Cutcherry,
Trivandrum,
4th Nov., 1904.

സൎക്കാർ ഗെസെററ വില വിവരം

മാസം ഒന്നുക്കു ൨൫ രൂപായിൽ കുറഞ്ഞ ശമ്പളം ഉള്ള പ്രവൃത്തിക്കാറന്മാർ മുതലായ സൎക്കാർ ജീവനക്കാരുടെ വിഷയത്തിൽ,

- ഒരു കൊല്ലത്തേക്കു — ൨ ബ്രിട്ടീഷ രൂപാ
- ഒരു മാസത്തേക്കു — ൫ ചക്രം
- ഒരു പ്രതിക്കു — രണ്ടര ചക്രം

ജന്മിമാരവന്മാരുടെയും മററുള്ളവരുടെയും വിഷയത്തിൽ

- ഒരു കൊല്ലത്തേക്കു — ൪ ബ്രിട്ടീഷ രൂപാ
- ഒരു മാസത്തേക്കു — ൧൦ ചക്രം
- ഒരു പ്രതിക്കു — ൪ ചക്രം

ഗെസെററിനെ ബ്രിട്ടീഷ തപാൽ വഴി അയക്കെണ്ടതാകുന്നാൽ ഇതിനു പുറമെ തപാൽ കൂലിയും കൂട്ടെണ്ടതാകുന്നു.

ഗെസെററ വില മുൻപെറായിട്ട തന്നെ കൊടുക്കെണ്ടതാകുന്നു. തവണകളായിട്ടാ ശമ്പളത്തിൽ പിടിച്ചൊ കൊടുക്കാൻ ഇനിമെൽ സമ്മതിക്കുന്നതല്ലാ.

മെറ പ്രതിക്കും മാസം ഒന്നുക്കും ഉള്ള വില വിവരം സാധാരണ ഗെസെററുകൾക്കു മാത്രമെ സംബന്ധിക്കുന്നുള്ളു ദീൎഘമായ നിയമങ്ങൾ അടങ്ങിയിരിക്കുന്ന ഗെസെററുകൾക്കു സംബന്ധിക്കയില്ലാ.

ഇതിൽ ചെൎക്കുന്നതിനു കൊടുക്കെണ്ടുന്ന കൂലിയുടെ വിവരം

	രൂ	ച	കാ
ഒന്നാമതു പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു പംക്തിയിൽ ഓരോ വരിക്കു	,,	൧	൧൨
പിന്നിട്ട പ്രസിദ്ധപ്പെടുത്തുന്നതു	,,	൧	൮
ഒന്നാമതു പ്രസിദ്ധം ചെയ്യുന്ന ൫൦ വരിയുള്ള ഒരു മുഴുപെജിനു	൫	,,	,,
പിന്നീടും പ്രസിദ്ധം ചെയ്യുന്നതിനു	൪	,,	,,

പട്ടികയായി വെലയുടെ മാതിരിപോലെ കൂലി ഈടാക്കുന്നതാകുന്നു.

മെൽ കാണിച്ചിരിക്കുന്ന കൂലിയുടെ തുകകൾ ഇംഗ്ലീഷിലും തമിഴിലും പൈക്കാ ബാഡിയും മലയാളത്തിൽ ഇംഗ്ലീഷ ബാഡിയും അക്ഷരങ്ങൾ ആകുന്നു.

നൊട്ടിസ

തിരുവിതാംകൂർ ഗവൎമ്മെന്റ ഗെസെററിൽ പ്രസിദ്ധപ്പെടുത്താൻ എഴുതി അയക്കുന്ന എല്ലാ കടലാസ്സുകളെയും ശരിയായിട്ടുള്ള മാതിരിയിലും കടലാസ്സിന്റെ ഒരു വശത്ത മാത്രം സ്പഷ്ടമായും വായിക്കാൻ തക്കവിധത്തിലും എഴുതെണ്ടതു കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലും കൂടി വെണ്ടതാകുന്നാൽ ആ രണ്ടു ഭാഷകളിലും എഴുതിയും അവയാതു എതിനാൽ ഗെസെററിൽ പ്രസിദ്ധപ്പെടുത്തണം എന്ന വിചാരിച്ചു വൊ ആ ഗെസെററ അച്ചടിച്ചു അയക്കുന്ന ദിവസത്തിനു മുമ്പിലത്തെ വെള്ളിയാഴ്ചക്കകം ഹജൂർ ഗെസെററ ഡിപ്പാൎട്ടുമെന്ററിൽ എത്താൻ തക്കവണ്ണവും അയച്ചുകൊള്ളെണ്ടതാകുന്നു.

വളരെ എഴുതീട്ടുള്ള കടലാസ്സുകളെ കുറെ കൂടി മുമ്പെ മതിയായ അവസരം ഉണ്ടായിരിക്കാൻ തക്കവണ്ണം അയക്കെണ്ടതാകുന്നു.

പരസ്യം

ഇതിനാൽ സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ സൎക്കാർ ഗെസെററിനെ സംബന്ധിച്ച എല്ലാ എഴുത്തുകളും അതിലെക്കു പണം അടക്കുന്നതും തിരുവനന്തപുരത്തു ഹജൂർ കച്ചെരിയിൽ സൎക്കാർ ഗെസെററിന്റെ വിചാരം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പെൎക്കു മെൽവിലാസം വച്ചു അയക്കെണ്ടതാകുന്നു.

ദിവാൻജി അവർകൾക്കു വെണ്ടി,
ഗവൎമ്മെന്റ ചീഫ സിക്രട്ടറി
എ. ജെ. വിയെര.

ഹജൂർകച്ചെരി
തിരുവനന്തപുരം
൧൯൦൪ നവംബർ ൪-

List of Holidays for the Huzur Cutcherry in the month of Kanny, 1081.

English Month.	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1905		1081			
September.	28	Kanny.	13	Thursday.	New Moon.
October.	4	Do.	19	Wednesday.	Karikkuvettu in connection with the Birthday of H. H. the Maha Rajah.
Do.	5	Do.	20	Thursday.	Birthday of H. H. the Maha Rajah.
Do.	6	Do.	21	Friday.	Pooja Vaippu.
Do.	7	Do.	22	Saturday.	Do.
Do.	8	Do.	23	Sunday.	Pooja Yeduppu.

൧൦൮൧-ാമാണ്ട കന്നിമാസത്തിൽ ഹജൂർക്കച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം

ഇംഗ്ലീഷ് മാസം	തിയതി	മലയാള മാസം	തിയതി	ആഴ്ച	വിശേഷദിവസങ്ങൾ
സെപ്റ്റംബർ	൨൮	കന്നി	൧൩	വ്യാഴം	കറുത്തവാവ്
ഒക്ടോബർ	൪	ടി	൧൯	ബുധൻ	തിരുനാളിന്റെ കരിക്കുവെട്ട
ടി	൫	ടി	൨൦	വ്യാഴം	മൂലം തിരുനാൾ
ടി	൬	ടി	൨൧	വെള്ളി	പൂജവെപ്പ്
ടി	൭	ടി	൨൨	ശനി	ടി
ടി	൮	ടി	൨൩	ഞായർ	പൂജയെടുപ്പ്

List of Holidays for the Huzur Cutcherry in the month of Thulam, 1081.

English Month.	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1905.					
October.	27	Thulam.	11	Friday.	Deepali.
Do.	28	Do.	12	Saturday.	New Moon.
November.	4	Do.	19	Saturday.	Auraut.

൧൦൮൧-ാമാണ്ട തുലാമാസത്തിൽ ഹജൂർക്കച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം.

ഇംഗ്ലീഷ് മാസം	തിയതി	മലയാള മാസം	തിയതി	ആഴ്ച	വിശേഷ ദിവസങ്ങൾ
൧൯൦൫					
ഒക്ടോബർ	൨൭	തുലാം	൧൧	വെള്ളി	ദീപാളി
ടി	൨൮	ടി	൧൨	ശനി	കറുത്തവാവ്
നവംബർ	൪	ടി	൧൯	ശനി	തിരുവനന്തപുരത്ത ആറാട്ട